KOTTAYAM PUBLIC LIBRARY

NJA7

Call No. KER-V Acc. No. 39460

Author: കേരള വർമ്മത്തമ്പുരാൻ

Title: വിജ്ഞാനോദയം കാവ്യം

# വിജയോദയം കാവ്യം

39460

---

ഗ്രന്ഥകർത്താ:

## പന്തളത്തു കേരളവർമ്മത്തമ്പുരാൻ

---

KOTTAYAM PUBLIC LIBRARY
KOTTAYAM.

ദി എഡ്യൂക്കേഷണൽ സപ്ലൈസ് ഡിപ്പോ.

തിരുവനന്തപുരം

Rs. 2—50

MA7

# മുഖവുര

കാവ്യകലാകോവിദന്മാർ പുരാണേതിഹാസങ്ങളെ ത്തന്നെ സ്വകവിതയ്ക്കു വിഷയമാക്കുന്നതു പ്രായേണ രുചിക്കാതെ തീർന്നിരിക്കുന്ന ഇക്കാലത്തിൽ "യദിക്ഷ്വാകുണ്ണം പൂർവൈരിതിജഹതീ"ത്യാദി പദ്യങ്ങൾ ചൊല്ലിയതുകൊണ്ടു് ആധുനിക പണ്ഡിതന്മാർ തൃപ്തിപ്പെട്ടുമെന്നു തോന്നുന്നില്ല, "ഭിന്നരുചിർഹിലോകഃ" എന്നുള്ള കാളിദാസസൂക്തിക്കു മാററു കൂടിക്കൊണ്ടിരിക്കുമ്പോൾ സർവ്വസമ്മതമായ ഒരു ഇതിവൃത്തത്തെ കല്പിക്കുന്നതും സുഖസാദ്ധ്യമല്ല. സൂര്യചന്ദ്രന്മാരുടെ ഗതിവിഗതികൾക്കു കൂടി അല്പം ഭേദം വരുത്തിയാൽ നന്നു് എന്നഭിപ്രായപ്പെടുന്ന പുതുപരിഷ്കാരികളോടു നമോവാകം പറയുകയേ നിവൃത്തിയുള്ളു. കവിതയിൽ ചക്രവാകത്തെ സ്പർശിപ്പിച്ചുകൂടാ. നിവൃത്തിയുള്ളിടത്തോളം താമരയും, ചന്ദ്രനും കടക്കാതെ സൂക്ഷിക്കണം എന്നും മററും സിദ്ധാന്തിക്കുന്നവരെയും അനുസരിക്കാഞ്ഞാൽ സർവ്വസമ്മതത്തിനു ഹാനി സംഭവിക്കുമല്ലൊ. ഘടോൽക്കചവധം കവിത നന്നു്. അതിൽ ഗ്രാഹ്യഭാഗമൊന്നുമില്ല. കുംഭാണ്ഡവധത്തിലെ നായകനു പുതിയ പരിഷ്കാരം പോരാ. ഒന്നു അത്ഥക്ലിഷ്ടമായിപ്പോയെങ്കിൽ മറെറാന്നു വിരളാത്ഥം. ഇങ്ങനെ ദോഷസമ്മിശ്രമായിട്ടേ അഭിപ്രായം പറഞ്ഞുകേൾക്കാറുള്ളു. സന്ദർഭാനുസരണങ്ങളായ രസങ്ങളെ സ്ഫുരിപ്പിക്കുക, അതാതു രസങ്ങൾക്കനുസരിക്കുന്ന പദങ്ങളെ തിരിഞ്ഞുവയ്ക്കുക തുടങ്ങിയുള്ള പ്രശസ്തകവനസാമത്ഥ്യം കാണിക്കുന്നതിനു സർവ്വതോമുഖമായ പ്രതിഭാവിലാസം സിദ്ധിച്ചവക്കേ സാധിക്കയുള്ളു. ശാസ്ത്രം പഠിച്ചവക്കു് കവനരീതി ഇന്നവിധത്തിൽ വേണമെന്നു വാക്കിൽ പറഞ്ഞു ഫലിപ്പിക്കുന്നതിനു് സാധിക്കാമെങ്കിലും പ്രയോഗരൂപേണ അങ്ങനെ ബോധ്യം വരുത്തുന്നതു് ക്ഷിപ്രസാദ്ധ്യമല്ല അതിനാൽത്തന്നെയാണു്.

'അദ്യാപി തത്തുല്യകവേരഭാവാദനാമികാ സാത്ഥവതീ ബഭൂവ'

എന്നു പറഞ്ഞിരിക്കുന്നതു്. ഇപ്പോൾ കവനത്തിനും നല്ല അഭിപ്രായം പറയുന്നതു തൻെറ പാണ്ഡിത്യത്തിനു മതിയാ

കുന്നതല്ല എന്നാണ് ഒരുമാതിരി കാവ്യപരിശോധകന്മാർ ധരിച്ചിരിക്കുന്നതു്. ദോഷപ്രഖ്യാപനത്തിലായാലേ തന്റെ സാമർത്ഥ്യം വെളിപ്പെടുത്തുകയുള്ളൂ.

"വിമലാദധികാ ലോകേ കലുഷസ്യൈവ വാരിണഃ
പ്രതിബിംബഗ്രഹേ ശക്തിഃ"

എന്നാണല്ലോ അഭിയുക്തവചനം, സർവ്വപ്രകാരേണ നോക്കിയാലും ഒരു കവിയുടെ പ്രസിദ്ധീകരണം തൽകർത്താവിനു വിജയകരമല്ലാതെയാണ് പ്രായേണ കണ്ടുവരുന്നതു്.കവിതയിൽത്തന്നെ ചില ദോഷാംശങ്ങൾ സഹജങ്ങളായിരിക്കെ വാസ്തവത്തിൽ ആരേയും കുററപ്പെടുത്താനുമില്ല.

വശ്യവാക്കുകളായി കൈരളിയുടെ ഭാഗ്യസമ്പത്തിഹേതുഭൂതന്മാരായി സ്ഥിതിചെയ്യുന്ന അഭിനവകാളിദാസ പാണിനി പ്രഭൃതിമഹാശയന്മാരെ എല്ലാവരും ഒരുപോലെ ആദരിക്കുന്നുമുണ്ടു്. ആ സ്ഥിതിക്കു മററുള്ള കവികൾ അടങ്ങിയിരിക്കയാണ് വേണ്ടതു്. എന്നാൽ,
"ശുകസ്സു രമ്യം വദതീതി മത്വാ വഹന്തി മൌനം വിഹഗാഃകിമന്ന്യ
എന്നു അവൎക്കു് സമാധാനിക്കാനും വകയുണ്ടു്,

വിജയോദയം കാവ്യം ഖണ്ഡശഃ കവനകൌമുദിയിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. അക്കാലത്തിൽ ഇതിനെ ഒരുമിച്ചുചേർത്തു് ഒരു പുസ്തകമാക്കണമെന്നുദ്ദേശിച്ചിരുന്നില്ല, ഇപ്പോഴും ഇങ്ങനെ പ്രസിദ്ധീകരിക്കണമെന്നു എനിക്കു അഭിപ്രായമുണ്ടായിരുന്നില്ല. ചില സുഹൃത്തുക്കളുടെ അപേക്ഷ (അല്ലെങ്കിൽ) നിർബ്ബന്ധം ഒന്നുമാത്രമാണ് എന്നെ ഇതിലേക്കു ഉദ്യമിപ്പിച്ചിട്ടുള്ളതു്.

ഇനിയും ഇത്രമാത്രമേ എനിക്കു ഇവിടെ പറയാനൊള്ളൂ

"ഗുണാന്നഗൃഹ്ണന്തു ഖലാസ്തതഃ കിം
ഗൃഹ്ണന്തു ദോഷാനപി വാ തതഃ കിം
അപി വ്യതിസ്താമുഭയം തതഃ കിം
ഗുണേദപി ദോഷോ യദി ദുസ്സഹം തൽ"

പന്തളം,
1_1-1090,

ഗ്രന്ഥകർത്താ,

ശ്രീ 39460

# വിജയോദയം കാവ്യം

## ഒന്നാം സർഗ്ഗം

പുരമഥനപുരാണപുണ്യപൂര-
സ്ഫുരദതിചാരുഫലായിതാംഗയഷ്ടി।
നിരവധികരുണാപയോധിഭവ്യം
മുരഹരസോദരി സാദരം തരട്ടെ. 1

നമദമരകിരീടകൂടകോടി-
ദ്യുമണിലസന്മണിരഞ്ജിതാംഘ്രിപീഠൻ
സുമഹിതസകലാർത്ഥദാനദക്ഷൻ
സുമശരവൈരി സുഖാതരട്ടെ മേന്മേൽ. 2

കുരുകുലകലശാംബുരാശിയിൽ സു-
സ്ഥരുചി തഞ്ചിന പഞ്ചപാണ്ഡവന്മാർ
പൃഥുബലികൾ പുരന്ധ്രിയോടുമൊന്നി-
ച്ചൊരുഗഹനത്തിലഹോ വസിച്ചിരുന്നു. 3

അതികുമതികളായ നൂററുവോർതൻ-
ചതിയിൽ വെടിഞ്ഞഖിലം പ്രഭുപ്രതാപം
ദ്യുതിയൊടു നിജസത്യമോർത്തുതാന-
ക്ഷിതിപവരിഷ്ഠർ വനാന്തരത്തിൽ വാണാർ. 4

ദിനമനു ശുചിരാജസൂയയാഗാ-
ദ്യനവധി സൽക്രിയ ചെയ്തു ധർമ്മജാതൻ
മനമുരുകി വസിച്ചു ഭീതിയേകും
വനഭുവി ദുർവിധിയോഗമാർക്കുനീക്കാം? 5

ശുചിയൊടു മണിഭാജനത്തിൽ നാനാ-
രുചിരുചിരം മധുരാന്നമാസ്വദിച്ചോൻ
സുചിരമഥ വെറുംകിഴങ്ങുസാല-
ത്വചി നിചിതം ക്ഷിതിഭുക്കഹോ ഭുജിച്ചു. 6

കളപദമബലാളികങ്കണോദ്യൽ-
കളകളമേളിതഗീതി കേട്ടുറക്കം
കളയുമവനിഭൃത്തു കണ്ണുഭിത്താം
കളഭഘടാരടിതത്തിലാർത്തി നേടി. 7

നവപരിമളകോമളോപബർഹാ-
നവമലസന്മൃദുശയ്യയിൽക്കിടന്നോൻ
ധവളഹിമജലാർദ്രാദ്രിധാത്രീ-
ധവനതികക്ശമക്കിടക്കയാക്കി. 8

ദ്വിജകുലശതഭുക്തശേഷമന്നം
സുജനഗണാഗ്രണ്യ ഭുക്തിചെയ്തുമുന്നം
ദ്വിജതതിപരിഭുക്തശിഷ്ടപക്വ-
വ്രജമടവീതടഭുവിലും ഭുജിച്ചു. 9

മദകരിതതി കഞ്ചുകിവ്രജം സ-
മ്മദമിയലും മഹിഷീഗണങ്ങൾ മറ്റും
സദനപരിസരത്തിലെന്നപോലാ
സ്സുരഭിമതന്നു വനത്തിലും ഭവിച്ചു. 10

അരികളുടെ കടുത്തമാറിടം ത-
ച്ചുരിശമൊട്ടും പൊടിയാക്കിടുന്ന ഭീമൻ
ഹരിഹരണികളാർന്ന കാട്ടിലേവം
ഹരിഹരി! വാണു, വിചിത്രമീശകൃത്യം, 11

പ്രതിനവമധുരാധികാന്നജാതം
പ്രതിദിന മഷ്ടികഴിക്കുമബ്ബുഭുക്ഷു
പ്രതിഫലബലപയോധി കാട്ടുകന്ദം
പ്രതി കൊതിയാൽ കഠിനം കിളക്കുമാറായ് 12

മരവിരിയുമുടുത്തു തത്രസർവ്വാ-
മരപതിസൂനുസമർത്ഥസവ്യസാചി
സ്മരസമനസമാനവീര്യവാൻസ-
സ്മരണമൃഷിപ്രഭുപോലെയാവസിച്ചു. 13

ഭുജബലനിധിസർവ്വസിന്ധുകാഞ്ചീ-
വിജയമെടുത്തതുകൊണ്ടുസാർത്ഥനാമൻ
വിജയനജിതനാം ഹരിക്കുമിഷ്ടൻ
വിജനവനാന്തരചാരിയായ് ഭവിച്ചു. 14

വിമതകുലപലാശനിത്യഹോമം
സുമഹിതവീര്യകൃശാനുവിൽ കഴിച്ചോൻ
ഹിമകരരുചിനേർത്ത കീർത്തിയാർന്നോൻ
സുമതികിരീടിതുടർന്നുതാപസത്വം. 15

ഹതവിധിമതമാരറിഞ്ഞു? മാദ്രീ-
സുതരതിവൈഭവശാലിബാലകന്മാർ
ചിതമണുവുമെഴാത്ത കാട്ടിലേവം
സതതസുഖോചിതർ വാണിടേണ്ടിവന്നു, 16

പരിമളമിളകും മൃദുപ്രവാളോ-
പരിപതിയുന്നതുമാർത്തിചേർത്തിരിക്കേ
പരിണതഗുണപാളിയാജ്ഞസേനീ-
പരിമൃദുകാലിണകാട്ടിലൂന്നമാറായ്. 17

നവധവള യശസ്സുയർന്നസമ്രാൾ-
പ്രവരരലംബമുള്ള പാണ്ഡവന്മാർ
സ്വവശഗതുടനാക്കൃശാംഗിയാളും
വിവശതയാർന്നു വനാന്തരത്തിൽവീണു. 18

കുരുപതികുനയത്തിനാലിവണ്ണം
ഗുരുപരിതാപമിയന്നുപാണ്ഡവന്മാർ
കരുണാകലരുമാമുരാരിയേത്താൻ
കരുതിവസിച്ചതു സത്യസംഗരന്മാർ. 19

അടവിയിലവരാടൽപൂണ്ടജസ്രം
കടലൊളിവർണ്ണനെയോർത്തുപാർത്തിടുമ്പോൾ
സ്ഫുടമവിടെയനൂനസോമസാമ്യം
തടവിയണഞ്ഞുപരാശരാത്മജാതൻ. 20

അധികതൃഷകലർന്ന ചാതകങ്ങൾ
ക്കധികമഹിതംഗളഘനാഘനംകണക്കെ
സുധികൾപണിയുമാസുപക്ഷതത്സ-
ന്നിധിയിലണഞ്ഞുമുദംമുനീന്ദ്രനേകി. 21

മുനിവരനെ നിരീക്ഷചെയ്തു ചക്ഷു
ർജ്ജനിഫലമാർന്നൊരു ധർമ്മിധർമ്മപുത്രൻ
തനിയെയനുജരൊത്തു തൽപ്പദത്താ-
രിനിയവലംബനമെന്നു താണുകൂപ്പി. 22

യതിവരനെമുറയ്ക്കു സല്ക്കരിച്ചി-
ട്ടതിവിനയത്തൊടജാതശത്രുഭൂപൻ
പ്രതിപദമഴൽ തിങ്ങിടും വചസ്സുൾ-
ധൃതിഹരമിത്തരമുത്തമൻ കഥിച്ചു, 23

അഴൽമരമരിവാൻ കുഠാരമാം നിൻ
കഴലിണകൈതൊഴമെന്നിൽമാന്ന്യബുദ്ധേ-
പിഴകളയി പൊറുത്തഥാനുകമ്പാ-
മഴവഴിയും മിഴിചേർത്തനുഗ്രഹിക്ക. 24

അനുദിനമനുതാപവാർദ്ധിയിൽപ്പെ-
ട്ടനുജരുമീവധുവും മുനീന്ദ്ര! ഞാനും
അനുപമഗുണഭോ! കുഴങ്ങിയോർത്താൽ
മനുജരിലീവിധമാർത്തിയാർക്കുമില്ല. 25

ജനകനുടൽവെടിഞ്ഞു ഹന്തപണ്ടേ
വനഭുവി ബാലകർ ഞങ്ങൾ നിസ്സഹായർ
അനവധികദനം സഹിച്ചുപിന്നെ-
ജ്ജനപദതല്ലജമാന്റുതത്രപാർത്തു. 26

അനയമവിടെയുംവിഷാശനം തൊ-
ട്ടനവധിസങ്കടമങ്കുരിച്ചിരുന്നു
അനഘലവിധിവിരോധിയായ്ഭവിച്ചാ-
ലനവരതംഭൃശമാർത്തിയെങ്ങുമുണ്ടാം 27

ജതുഗൃഹദഹനത്തിൽവച്ചു ചാകാ-
ഞ്ഞതുപരമോർക്കിലിവർക്കുബദ്ധതായി
കുതുകമുടനകന്നുഞങ്ങൾ പിന്നീ-
ടതുലകൃപാലയ! ഭിക്ഷുവാങ്ങിവാണു. 28

സുദതിയവളെവേട്ടു ഞങ്ങൾപിന്നെ-
സ്സുദനമണഞ്ഞു സുഖിച്ചിതല്പകാലം
ഹൃദയവിദളയാതിദക്ഷയാകും
കദനപരമ്പരപിന്നെയും പടന്നു. 29

ഖലശകുനിചതിച്ച ചൂതിൽനമ്മെ-
പ്പലപരുഷോക്തികളാൽ പരംഹസിച്ചു
ഉലകിലിവനസഹ്യതാപഭാക്കായ്
വലയുവതിന്നഘമുഗ്രമെന്തുചെയ്തോ? 30

അപനയമിവയൊക്കെ ഞാൻ സഹിക്കാ-
മപരമഹോകഠിനം കഥിക്കവയ്യേ!
അപഭയലവമിക്കുലീനയേയും
സപദിനയിച്ചു സംഭ്രാന്തരത്തിലയ്യോ. 31

കപടപടസുയോധനാനുജൻതൻ
ചപലതമൂത്തൊരുസാഹസപ്രവൃത്തി
കൃപണസുജനതാസഹായികൃഷ്ണൻ
ക്രപബതചെയ്തതിനാൽ ഫലിച്ചതില്ല, 32

ഭൃശമവിടെനടന്നസത്യമോർത്തി-
ട്ടശനസുഖാദികൾവിട്ടുകാട്ടിലേവം
അശരണമലയുന്നഞങ്ങളോർത്താൽ
കുശലിഭവാനുമുപേക്ഷണീയരല്ല. 33

ചിരമിവിടെയലഞ്ഞുസത്യവാർദ്ധി-
ക്കരയൊരുമട്ടുകടന്നു കിട്ടിയാലും
പരപരിഭവമുഗ്രമുത്ഭവിപ്പാൻ
പരമവകാശമിവർക്കുവന്നുഭവിക്കും. 34

കരുതുകിലൊരുലോരസമ്പ്രഹാരം
പെരുതുളവാകുമിവർക്കുതർക്കമില്ല
വിരുതുടയൊരുഭീഷ്മമുഖ്യരോടി-
ന്നരുതൊരുവർക്കുമട്ടുത്തു പോർ നടത്താൻ. 35

ശരനിരകൾപൊഴിച്ചു പാഞ്ഞടുക്കും
വരബലശാലികൾ വീരഷഡ്രഥന്മാർ
പരമവിടെയണഞ്ഞുപോരടിപ്പാൻ
പരവശഭാവമെവർക്കുമുൽഭവിക്കും. 36

ഗുരുഗുരുസുതനാകൃപൻഗഭീരൻ
ഗുരുതരവീര്യമഹത്വമാർന്നകർണ്ണൻ
നിരുപമബലശാലിഭീഷ്മനെന്നീ
വിരുതരെയോർത്തിവനുള്ളുപൊള്ളിടുന്നു. 37

കുരുകുലവൃതനാമഹാർണ്ണവത്തെ-
ക്കരുതിയെനിക്കുയരുന്നുഭീതിഹൃത്തിൽ
കരുണയൊടുഭവാനിവർക്കുവേണ്ടും
കരുതൽവരുത്തിടുവാൻ കനിഞ്ഞുകൊൾക. 38

അകലുഷനവിടുന്നുതാപമെല്ലാ-
മകലുവതിന്നടികൂപ്പുമെന്നിലെന്നും
സകരുണമരുളീടണം കടാക്ഷം
സകലമുനീന്ദ്രകുലാവലംബമൂർത്തേ! 39

ശമദമവിനയാദിവാസഭൂവാം
ശമനസുതൻമൊഴിയേവമോതിയപ്പോൾ
സുമപതനമിഷാൽതരുക്കളും. തൽ-
സമയമഹോബഹുകണ്ണുനീർപൊഴിച്ചു. 40

യതികുലകലശാബ്ധിയിൽ കലേശ-
ദ്യുതികലരുന്നമഹർഷിസാർവഭൌമൻ
കൃതി നരപതിതൻമനം കുളുർപ്പി-
പ്പതിനമൃതായിതമിപ്രകാരമോതി. 41

അരുതരുതതിരറെറാരാതുരത്വം
കരുതരുതേധൃതിശൂന്യരീതിയേതും
വിരുതരതിഗുണംപെട്ടുംഭവാന്മാർ
പുരുതരമംഗളമാർന്നുതന്നെവാഴും. 42

ശശധരവരവംശദീപമേനൽ-
കുശലമുദാരമുദിച്ചിട്ടും ഭവാനിൽ
വിശദഗുണ! ഭവാനുപാക്കിലെന്നും
ഭൃശമവലംബനമംബുജാക്ഷനല്ലോ. 43

ക്രമരഹിതമഹോ ചതിച്ചുകള്ള-
ക്കുമതികളെക്കുരുവംശപാശകന്മാർ
ശമനസുത! ഭവൽപിതൃപ്രദേശ-
ഭ്രമണരസത്തെയറിഞ്ഞിട്ടും ജവത്തിൽ. 44

കപടമതിലുയന്നപൂജ്യഭാവം
നൃപ! നിയതം നിലനില്ക്കയില്ലനിത്യം
സപദിസപരിവാരനാം സപത്നൻ
സ്വപദസമുന്നതിവിട്ടുനഷ്ടനാകും. 45

കുരുനൃപവരലക്ഷ്മിതൽക്ഷണം തൽ-
ഗുരുഗളഭുവിലണഞ്ഞു കേളിയാട്ടും
കതുകതവഭാഗ്യദേവതയ്ക്കായ്
കരുതികഴിപ്പതിനർഹരക്ഖലന്മാർ. 46

ഖലശകുനിഗുരുത്വമററകണ്ണൻ
ചരലമതിമൂത്തൊരു ധാർത്തരാഷ്ട്രദുഷ്ടൻ
കലഹകലിയവിൻെറ തമ്പിയെന്നീ-
ക്കുലഹതകക്കപമൃത്യുതാൻ കുലാശം. 47

പരബലപരിമാഥിയാം സഹസ്ര-
ദ്വിരദബലം കലരും വൃകോദരനും
സുരപതിസുതനാം ധനഞ്ജയനും
പരമരിസംഹതിയിൽ പ്രയാസമെന്തോ? 48

വിനയഗുണ! ഗഭീരപൌരുഷന്മാ-
രനഘഭുജബലശാലി സോദരന്മാർ
അനവരതമടുത്തു പാർത്തിട്ടമ്പോൾ
ഘനജയലക്ഷ്മിഭവാനെവിട്ടുപോമോ? 49

ശമനസുത! ഭവാനുപിന്നെയും ഭീ-
ശമനമിതിൽ സ്വയമാർന്നിടാത്തപക്ഷം
വിമലതികിരീടിതന്നെപോയി-
ക്കമലശരാന്തകനെ ബ്ഭജിച്ചിടട്ടേ 50

അശുഭഹരതപഃ പ്രസന്നനായി-
പ്പശുപതിപാശുപതാസ്ത്രമേകിയെന്നാൽ
പിശുനരിപുകുലത്തെയേകനായി-
പ്പശുസദൃശം വിജയൻ ജയിച്ചുകൊള്ളും. 51

പുരടഗിരിയെടുത്തു ചാപമാക്കി-
പ്പുരഹതിചെയ്തപുരാണപുണ്യമൂർത്തി
വരമരിയതപസ്സിനാൽ പ്രസാദദാ-
ന്തരമരുളീടിലസാദ്ധ്യമെന്തുപിന്നെ. 52

മതിമതി മതിമൻ! വിശങ്കസാക്ഷാൽ
മതികലചൂടിയദേവനേക്കിരീടി
ധൃതിയൊടുമുടനേ ഭജിച്ചിടാനായ്
കൃതിമുനിയട്ടെ ഭവിക്കമത്രഭവ്യം. 53

മുനിതിലകനുരച്ചിവണ്ണമുള്ളിൽ
കനിവൊടുപാൎത്ഥനെയും വരുത്തിമുന്നിൽ
ജനിമൃതിഹരമാം മഹേശമന്ത്രം
തനിയെമുറയ്ക്കുപദേശമാശുനൽകി. 54

അവിരതമിതിനാൽ ശിവന്റെകാൽത്താ-
രവികലഭക്തിയൊടും ഭജിച്ചുകൊൾക.
ഭവികമഥഭവിയ്ക്കുമെന്നുദിവ്യ-
ഛവികലരുംമുനിചൊല്ലിയാത്രചെയ്താൻ, 55

യതികുലപതിതൻമഹോപദേശം
മതിരസമോടുവഹിച്ചുസവ്യസാചി
പ്രതിനവവിരഹാൎത്തിതപ്തനാംഭൂ-
പതിമണിപൂൎവജനെത്തെളിഞ്ഞുകൂപ്പി' 56

പദതളിരിലണഞ്ഞുകൂപ്പിടും സൽ-
പ്പദരതിയാന്നൊരു പാൎത്ഥനോടുമന്ദം
സദഭിമതനതീവ ധൎമ്മജാതൻ
സദയമുദാരശുചാൎത്തനിത്ഥമോതി. 57

വിമതകുലവിമൎദ്ദനത്തിനായ് നീ
വിമലമതേ! വിഷമാക്ഷസേവചെയ്‌വാൻ
മമസഹജ! ഗമിപ്പതോൎത്തിടുമ്പോൾ
മമതയിലമനമിന്നു നീറിടുന്നു, 58

അടവിയിലിഹ വാണിടുന്ന ഞങ്ങൾ-
ക്കുടലിലുയർന്നൊരു കണ്ണിനൊപ്പമാം നീ
ഉടനടിപിരിയുന്നതോർത്തു താപ-
ക്കടൽ കരവിട്ടുകടന്നു കേറിടുന്നു, 59

ഇവരുടെ നടുവിൽപ്പെട്ടും പ്രവീര-
പ്രവര! ഗുണോത്തരധാടിനിന്നിലത്രേ
നവമരതകമാലതൻ നടുക്കയ്
ധ്രുവമെഴുമുത്തമമുത്തിനാഭ കൂട്ടും. 60

വിരുതുടയ ഭവാൻ ഭവാംഘ്രിപത്മം
കരുതിവസിപ്പതു കൌരവാധമന്മാർ
ഒരുസമയമറിഞ്ഞുപോകിലപ്പോൾ
പരുഷതപൂണ്ടു ചതിപ്പതിന്നൊരുങ്ങും. 61

സുകൃതവിധിനടത്തിടുന്നതൊന്നും
വികൃതികൾ സമ്പ്രതിസമ്മതിക്കയില്ല
അകൃതകശുഭകർമ്മരോധനം താൻ
പ്രകൃതിഖലർക്കു ജന്മസിദ്ധമല്ലോ.

ഫണിവലയനിഷേവനഷ്ടമാക്കാൻ
പണിപലതും ബത നൂററുപേർ നടത്തും
പ്രണിധികൾ പലരുണ്ടു സത്യവാന്മാ
ർക്കണിമണിയാം തവവാർത്ത പാർത്തുരപ്പാൻ. 63

വിഷമശരവിരോധിയെബ്ഭജിപ്പാൻ
വിഷമമഹോ പലതും നിനക്കുദിക്കാം
വിഷഗളകരുണാകടാക്ഷമാണീ-
വിഷമമതിൻ പരിരക്ഷയെന്നുറയ്ക്കു. 64

ഗിരിശനെവഴിപോൽ ഭജിച്ചുടൻ നീ
തിരിയെവരുംവരെയുണ്ടിവർക്കുതാപം
അരികുലവിജയാർത്ഥമെങ്കിലും പോയ്-
വരിക സഹോദര! മംഗളംവരും തേ. 65

അടിമലരടികൂപ്പിയഗ്രജന്മാർ-
മുടിമണിതന്നനുവാദമേററുവാങ്ങി
ഇടിവകതളിരിൽപെടാതെ പാർത്ഥൻ
ഝടിതി തപസ്സിനു പോവതിന്നൊരുങ്ങി. 66

പവനസുതനെയും വണങ്ങിയേററം
നവവിരഹാസഹനായ സവ്യസാചി
ജവമനുജരെയും പുണർന്നു പിന്നെ-
ക്കുവലയനേത്രിയിതൻെറ പാർശ്വമെത്തി. 67

പതിയുടെ പുതുതായ വിപ്രവാസ-
സ്ഥിതികരുതിപ്പലചിന്തയന്തരംഗേ
പതിയുമൊരുപയോദവേണിയാളാം
മതിമുഖിപാർഷതിയോടു പാർത്ഥനോതി. 68

സമധികഗിരിനന്ദിനീതപസ്സാം
സുമഹിതവല്ലിയിലുല്ലസിച്ചകായായ്
സമമഖിലജഗത്തിനൊററയുന്നായ്
സുമശരവൈരിസമുല്ലസിച്ചിടുന്നു. 69

സ്ഫുടചടുലചലാക്ഷിയപ്പുരാരി-
ക്കുടയൊരു കാൽത്തളിരാത്ത ഭക്തിയാം ഞാൻ
കടലൊളി ചികുരെ! ഭജിപ്പതിന്നാ-
യുടനയിപോയിവരട്ടെ നന്മയുണ്ടാം. 70

സുമശരപരിപന്ഥിയേബ്ഭജിച്ചെൻ
സമധുരഗാത്രി! വരങ്ങൾ വാങ്ങിവേഗം
മമതയൊടയി! നിൻസമീപമെത്താം
മമവിരഹത്തെ നിനച്ചുമാഴ്കൊലാനീ, 71

മദകളഭഗതേമമപ്രയാണം
ഹൃദയതടത്തിൽ നിനച്ചു നീനിതാന്തം
കദനമനുഭവിക്കിലെൻ തപസ്സും
സുദതി! ഫലിക്കില്ലമിന്നു പാഴിലത്രേ. 72

വരദഹരവരപ്രസാദമോട്ടം
വരനുടനേവരുമെന്നു നീയടങ്ങി
വരഗുണമണിമഞ്ജുമാകുമിന്ദീ-
വരമിഴി! വാഴ്ക വിഷാദമാന്നിടൊല്ലേ. 73

അഥവരവിരഹോത്ഥഭീതിശങ്കാ-
വ്യഥകളൊതുക്കിയടക്കിയശ്രുപൂരം
കഥമപികമിതാവുരച്ചുയാത്രാ-
കഥയിൽ വികാരമകററിയാജ്ഞസേനി. 74

പണിപ്പെട്ടെന്നാലും പരിമൃദുകപോലസ്ഥലിയിൽ ന-
ല്ലണിപ്പട്ടിൽചിന്നുംസ്ഫടികഗുളികാകാന്തിയുളവായ്
മണിക്കല്ല്യാണക്കുന്നിളകിയിളവില്ലാതെസതികൾ-
ക്കണിക്കല്ലായിട്ടുംദ്രുപദസുതദുർഭിന്നരുചിയായ്. 75

ധൃഷ്ടദ്യുമ്നസഹോദരീപ്രണയസമ്മിശ്രാക്ഷി
സംവീക്ഷണം

ധൃഷ്ടൻവാസവസൂനുമാനിയനുവാദത്തിൽഗണിച്ചക്ഷണം

പുഷ്ടശ്രീശശിഖണ്ഡമണ്ഡനപദാം ഭോജത്തിലുൾ-
ത്താരുടൻ
ദിഷ്ടക്കേട്ടപെടാതെചെത്ഥതപസ്സിന്നായ്
തിരിച്ചീടിനാൻ.

ഒന്നാം സർഗ്ഗം സമാപ്തം

---

## രണ്ടാംസർഗ്ഗം

അനന്തരം കാളിമയാളിട്ടം ഘനാ-
ഘനനംതരംപോലെ ത്ടിൽ ഗണത്തൊട്ടം
അനന്തരത്താംപെട്ടമഞ്ജനാദ്രിപോ-
ലനന്തഭാഗത്തിൽ നിറഞ്ഞു നിന്നതേ. 1

പിനാകിസേവയ്ക്കു ഗമിച്ചിട്ടന്നൊരാ-
സ്വനാഥവൃത്താന്തകപുത്രനേസ്വയം
അനാകുലംകാൺമതിനോവിയത്തില-
ഗ്ഘനാഘനം വന്നു നിറഞ്ഞിതെങ്ങുമേ. 2

കളായഗാത്രന്റെ കളേബരത്തൊട്ടം
ഗളാഗളിക്രൂരരണം നടത്തിടാൻ
കളാഭവിദ്യുൽ കരവാളമോട്ട മ-
ജ്ജളാവൃതൻ കൊണ്ടലൊരുങ്ങിയെത്തിനാൻ, 3

മഹാരഥൻമാനി മഹേന്ദ്രസൂനുസ-
മ്പ്രഹാരമേവം ഹരനോട്ട ചെയ്തിട്ടാ
സഹാശുഗൻവാരിദമെന്നുരയ്ക്കുമാ-
റഹാമഹാമാരിപൊരിഞ്ഞു സസ്വനം. 4

നഭഃകഠോരാടവിയിൽ കടന്നടൻ
പ്രഭഗ്നയാക്കിബ്ബഹുപുഷ്പവദ്യുതി
അഭവ്യമൂക്കോട്ട പൊഴിച്ചുമേഘമാ-
മിഭപ്രവീരൻ മദവാരിവർഷണം. 5

ഗുരുത്വവും ശ്രുപവുമേറ്റുമററൊരാ-
മരുത്തുധൂർത്തൻജ്ജലസംഗമത്തൊട്ടും
കരുത്തനായ് ചുററി നടന്നു ധാത്രിയിൽ
പെരുത്തകമ്പത്തെയെവർക്കുമേകിനാൻ, 6

ഇനപ്രതാപത്തെയടക്കിയൂക്കൊട്ടും
ഘനപ്രഭാവം കലരും പ്രഭഞ്ജനൻ
മനഃപ്രസാദത്തൊട്ടലാത്തിയെങ്കിലും
ജനപ്രമോദത്തെവരുത്തിയില്ലതാൻ. 7

പ്രിയാത്മജാതാനുജനാം കിരീടിതൻ
പ്രയാണമാർഗ്ഗം പ്രകടീകരിക്കുവാൻ
പ്രയാസമെന്ന്യേ പവനൻ പലാശിസം-
ശ്രയാടവീഭാഗമടിച്ചു മാററിനാൻ. 8

വിയത്തിൽ വർഷാനടിയാടിടുംവിധൌ
വിയത്തനീർത്തുള്ളിപരം പതിക്കയോ
നയത്തിലൈരാവതമഭ്രഗംഗതൻ
കയത്തിൽനീന്തിസ്സലിലംപൊഴിക്കയോ? 9

സമർത്ഥനാം സൂനുതപസ്സുകൊണ്ടുകീ-
ഴമർത്തുമോതൻപദമെന്നുപേടിയാൽ
അമർത്ത്യസമ്രാട്ടാതിവൃഷ്ടികൈതവാൽ
ക്രമത്തിലേറും മിഴിനീർപൊഴിക്കയോ, 10

തടിൽസ്ഫുരജ്ജിഹ്വവെളിക്കു നീട്ടിയൊ-
ന്നടിച്ചുവീക്കിസ്തനിതോഗ്രനിസ്വനം
തടിച്ചകാദംബിനിയാം പിശാചിഭൂ-
മുടിച്ചിടാനായ് ശരമാരിപെയ്കയോ. 11

ഇനൻ കരശ്രീകലരാതെമന്ദമ-
ദ്ദിനങ്ങളിൽ താൻ വിഗതപ്രതാപനായ്
മനംമടിച്ചിട്ടൊളിവായ് ചരിച്ചുസ-
ജ്ജനത്തിനോർത്താൽ ജലബാധദുസ്സഹം. 12

വലാഹകവ്രാതസമാവൃതം വിയ-
ത്തലാലയംവിട്ടഥതാരകോൽക്കരം
ചലാംഗമായ് കീടമണിവ്രജങ്ങൾതൻ
ഛലാൽതിളങ്ങീഭയമാർന്നിടയ്ക്കിടെ.

വിഷാശനൻതന്റെ ഗളത്തിനുംത്വിഷാ
വിഷാദമേകുന്നവിയത്തുപാർത്തുടൻ
രുഷാസമം തത്രകരുത്തപ്പല്ലുതൻ
മിഷാന്നഭസ്സിൻകിടനേടിയൂഴിയും. 14

മരാളപാളിക്കുമുഷിച്ചിലെന്നുവ-
ച്ചൊരാളുമിക്കാലമനാദരിച്ചിടാ
വരാളകസ്ത്രീമണികൾക്കുമത്രത-
ദരാളികൾക്കും തെളിവാർന്നിതല്ലയോ. 15

കുലാദ്രികന്യാകമിതാവിനെദ്വിഷൽ
കുലാഹതിക്കുഗ്രതപസ്സുചെയ്യുവാൻ
വലാരിതൻ സൂനുതദാഗമിക്കവേ-
വലാഹകവ്യൂഹവുമസ്തജാള്യമായ്, 16

കുരുപ്രവീരൻഹരസേവനത്തിനായ്
ഗുരുപ്രമോദത്തൊടു പോയിട്ടും വിധൌ
മരുൽപ്രചണ്ഡാംബുദപാളിപാഞ്ഞുപോയ്
പുരുപ്രകാശം ദിശകൾക്കുദിച്ചുതേ. 17

തടിതപദത്യുൽക്കടകാലമെങ്കിലും
തടിച്ചസൌജന്യമെഴും ധനഞ്ജയൻ
മടുത്തുമാറാതെ തപസ്സിനായ് പുറ-
പ്പെടുന്നനേരം ജലബാധപററുമോ. 18

കപാലമാലാബ്ജകലാകലാപനാം
കൃപാലുഹാലാഹല നീലകണ്ഠനിൽ.
അപാരഹൃൽഭക്തികലർന്ന കല്യനാം
നൃപാല മുക്താമണിയാത്രചെയ്തുതേ. 19

ഹരിപ്രിയൻജിഷ്ണുഹിമാദ്രിയാർന്നിട്ടും
ഹരിത്തിലേക്കായ് ഹരസേവനോൽസുകൻ
തിരിക്കവെ ധൂർത്തസുയോധനാദ്യരെ
തെരിക്കനേവിട്ടിതുരാജ്യലക്ഷ്മിയും. 20

ജയന്തതുല്യൻ ജഗദീശസേവയാൽ
ജനന്തനിക്കേററുവതിന്നു ഫൽഗുനൻ
ഭയന്തരിമ്പും കലരാതെയേകനായ്
സ്വയന്തുഷാരാദ്രിയിലെത്തിയുത്തമൻ. 21

വിശിഷ്ടജാമാതൃമഹത്വമൂലമായ്
വിശിഷ്യവിശേഷോത്തരമാംഹിമാദ്രിയെ
ശശിക്കെഴും ചാരുകുലത്തിലുത്തമൻ
വശിപ്രവീരൻപ്രിയമാർന്നുനോക്കിനാൻ. 22

ഹിമാനിമാനത്തിലുയന്നൊരഗ്ഗിരി
പ്രമാണിയേകാന്തികലന്നസന്തതം
സമാശ്രയിച്ചേററവുമുല്ലസിച്ചു സൽ—
സുമാളിചുതത്തൊടിണങ്ങിടുംപടി. 23

പ്രഭാവമേറും ഗിരിയിൽപരംഹിമ
പ്രഭാവിരാജൽഗുരുശൃംഗഭംഗികൾ
ശുഭാംബരാലംകൃതസൌധപാളിതൻ—
സ്വഭാവസൌന്ദര്യമിയന്നനിസ്തുലം. 24

തളിത്തുകമ്രഛവിമഞ്ഞുകട്ടിയിൽ
കിളുത്തിടും ശൈവവല്ലികാൺകിലോ
വെളുത്തനൽതിങ്കളെവെല്ലുവാൻമനം
കുളുത്തെഴും രാഹുവിനെസ്മരിച്ചിടും 25

കട്ടത്തവെൺപാറകണക്കിലാഹിമം
പട്ടത്തൊരാപ്പർവതസാനുശോഭനം
മട്ടത്തുമാറാതെയതിൽകടക്കുവാൻ
പട്ടതപമേവക്കുമുദിച്ചിടാസ്ഫുടം. 26

തുഷാരസംഘാതശിലാവിലാസിയായ്—
ത്വിഷാസുധാംശുദ്യുതിയേജ്ജയിപ്പതായ്
വിഷാഗ്നികക്കുന്നവിലേശയങ്ങളും
വിഷാണിജന്തുക്കളുമാവസിപ്പതായ് 27

പൊളിച്ചുമാതംഗവരൻെറമസ്തകം
ഗളിച്ചതദ്രക്തമദാംബുധാരയിൽ
കളിച്ചുവേലാരാരവപൂരിതാശരായ്
കളിച്ചിടുംകേസരിവര്യരാന്നതായ്. 28

തടിച്ചുരുണ്ടുള്ള കഴുത്തിലെത്രയും
തുടിച്ചമഞ്ചാടിപളുങ്കുമാലയും
അടിച്ചിണക്കീടിനവേടനാരിമാ-
രിടച്ചിൽപററാതെ ചരിച്ചിടുന്നതായ്. 29

ക്രമോദിതാംഭോധരവൃഷ്ടിതുല്യമായ്
ഹിമോദബിന്ദുക്കൾ സദാപതിക്കയാൽ
സമോദമാത്മേശ്വരരൊത്തുടൻവിയൽ-
സമോദരിസ്ത്രീകളുമാരമിപ്പതായ്. 30

സഹർഷമത്യുഗ്രഹിമാദിയേററിട്ടും
മഹർഷിമാർശീർണ്ണതൃണാദിഭക്ഷികൾ
സഹസ്രമേകാഗ്രതയിൽതപിപ്പതാം
മഹസ്സെഴുന്നോരുടജങ്ങൾ ചേർന്നതായ്. 31

പരംദളന്മഞ്ജുളസൂനമഞ്ജരീ
മരന്ദധാരാപുനരുക്തശീതമായ്
പുരന്ദരോദ്യാനസഗർഭ്യസല്ലതാ-
പുരംദരോൽക്കമ്പിസമീരമാർന്നതായ്. 32

ഘടസ്തനക്ഷീരമപർണ്ണസത്യവം
സ്ഫുടംസുതസ്നേഹമൊടേകിവാഴ്കയാൽ
പടുത്വശോഭിച്ചൊരുദേവദാരുതൻ
തടങ്ങളിൽതിങ്ങിയിണങ്ങിടുന്നതായ്. 33

കലാപചൂഡന്റെ കപർദ്ദരാജിതൻ
കലാപമായ്ത്തീർന്നൊരു ജഹ്നുകന്യയിൽ
കലാധരസ്ത്രീജനകേളിചാതുരീ-
കലാശമാശാസ്യമിയന്നിടുന്നതായ് 34

പുരാഭമാസ്വർണ്ണഗൃഹാഗ്രഹത്തിൽനൽ-
പരാഭസിദ്ധിച്ചൊരു സിദ്ധനാരികൾ
പരാഭവംവിട്ടു സദാസ്വകാന്തരാം
സ്മരാഭരോടൊത്തുരസിച്ചിടുന്നതായ്

നിദാഘധാമസ്ഫുടഹേതിയാൽപരം
വിദാരണംചെയ്ത വിഭാവസൂപലം
സദാവമിക്കും ശിഖിയാൽസുരവ്രജം
സദാരമാശീതജബാധതീർപ്പതായ്, 36

പരാർദ്ധരത്നാദികളാൽ പരിസ്ഫുരൽ-
പരാർദ്ധ്യസാനുക്കൾകലർന്നിടുന്നതായ്
ധരാഖ്യചേരുന്നൊരുദേവിതൻപയോ
ധരാഭമായ് ചന്ദനപത്രചിത്രിതം. 37

സുമാസ്തൃജിത്തിൽ ശ്വശുരത്വമാർന്നൊരാ-
ഹിമാദ്രിഹേമാദിമനോവിമോഹനം
ക്രമാതിപാതിദ്യുതിവീക്ഷചെയ്തുടൻ-
ക്ഷമാധവൻ മാധവബന്ധുഹൃഷ്ടനായ്. 38

ഗിരീശപാദം സുദൃഢം നിനച്ചുസൽ-
ഗിരീശപാദത്തെയണഞ്ഞു സാമ്പ്രതം
കിരീടിരാഗാദിതദാവെടിഞ്ഞുമ-
ദ്ദരീലസദ്രത്നമരീചിരാഗിയായ്, 39

വരിഷ്ഠയാകും ജയലക്ഷ്മിയേസ്വയം
വരിക്കുവാൻവേണ്ടിയകുണ്ഠമാനസൻ
കരിപ്രവീരപ്രഭഗാമിഫൽഗുനൻ
ഗിരിപ്രദേശത്തിലശങ്കമേറിനാൻ. 40

പുരാന്തകസ്വാമി പുരോപകണ്ഠഭൂ-
പുരാണസോപാന പരമ്പരോപമം
ധരാധരോത്തുംഗശിലാവിഭംഗമ-
ദ്ധരാധവൻധന്വികരേറിമെല്ലവേ. 41

അമർത്ത്യലോകേശസുതൻതപസ്സിനായ്
സമർത്ഥനോരോപദമദ്രിതന്നിലായ്
അമർത്തിടുംതോറുമരാതികീർത്തിയും
സ്വമസ്തകം താഴ്ത്തിടുവാൻ തുടങ്ങിനാൾ. 42

സുമങ്ങളും ഭൂമിസമിൽകുശാദിയും
സുമംഗളാംഭസ്സുപെടുംതടാകവും
സമംലസിക്കുന്നൊരു സാനുതന്നില-
ന്നമന്ദമോദത്തിലണഞ്ഞിതർജ്ജുനൻ. 43

വിശാലമാം നിർജ്ജനദേശമധിഷ-
ദ്വിശാമ്പിതാവർജ്ജുനനാന്തൽക്ഷണം
നിശാധിപാലംകൃതമൌലിയേസ്വയം
നിശാതയാം ഭക്തിയൊടുംഭജിച്ചുതേ. 44

കുമാർഗ്ഗദേശഭ്രമണംപെടാതെയ-
ക്കുമാരതാതാംഘ്രിതുരംഗശാലയിൽ
സ്വമാനസാശ്വത്തെ നിറുത്തിയഗ്നിഭൂ-
സമാനനാംജിഷ്ണുസമാധിവാഗുരൻ. 45

കളങ്കിയാണെങ്കിലുമസ്സുധാംശുവുൾ-
ക്കളംകുളുക്കുംപടിയാശ്രയിക്കയാൽ
അലംകനിഞ്ഞിട്ടവനാൽസ്വമൌലിതാ-
നലങ്കരിക്കുംപ്രഭുസേവ്യനാക്കുമേ. 46

ഉട്ടത്തതന്മാർദ്ദവമാന്ന ചാരുപ-
ട്ടുട്ടത്തിട്ടംവീരനരാതിഭീതിദൻ
പട്ടതപവാൻവാ.പവീവൻത പസ്സിനായ്
ക്കട്ടത്തചർമ്മംകടിചേർത്തുചുററിനാൻ, 47

ശരാസനാജ്യാഹതിയേററമേററുര
ഞ്ഞൊരാക്കരദ്വന്ദതലത്തിലുത്തമൻ
സ്മരാരിസേവിച്ചു സ്വമിൽക്കശാക്ഷതൊ—
ല്ലൂരാദികർണ്ണാരിധരിച്ചുസാദരം. 48

സ്വയംസുഭദ്ര ദ്രുപദാത്മജാവധൂ
സ്വയംകൃതോദ്യൽസുമമാല്യതല്ലജം
പ്രിയംപെട്ടമ്മാറുലസിച്ചൊരച്യുത—
പ്രിയൻെറമാറിൽഭസിതങ്ങൾഭൂഷയായ്. 49

കിരീടരത്നോല്ലസരമ്യമായൊര—
ക്കിരീടിതൻ ചാരുശിരസ്സുഃകവലം
സരീസൃപംവാണിട്ടമാറുവൻജടാ—
പരീതമായീത്തീൻപുരാരിസേവയിൽ 50

കൊഴുത്തരുദ്രാക്ഷഗണങ്ങളുന്നതൻ
കഴുത്തിലപ്പാർത്ഥനുമൗക്തികങ്ങളായ്
മുഴുത്തഭക്തിക്കയറാൽ ഭവാംഘ്രിയാം
തൊഴുത്തിലമ്മാനസഗോവുബദ്ധനായ്, 51

കനത്തകാമാദ്യരികർദ്ദമവ്രജം
മനസ്വിപാർത്ഥൻപൃഥുഭക്തിവാരിയാൽ
നനച്ചുകററിത്തെളിവേററമാളിട്ടും
മനസ്സിലീശാംഘ്രിയെനാട്ടി, നിഷ്ഠയിൽ. 52

ഫലാശനംകൂടിയുടൻവെടിഞ്ഞുസൽ-
ഫലാശവേശിച്ചൊരുമാനിഫൽഗുനൻ
കലാദിപൂർണ്ണേന്ദുകരാമൃതംവെറും
ജലാശകൈവിട്ടചകോരമോർത്തീടും. 53

നിരാമയംനിത്യവുമുള്ളിൽവാണിട്ടു-
ന്നൊരാക്കനെൽക്കണ്ണനുദണ്ഡമാകുമോ-
ചിരാൽനിനച്ചിങ്ങനെവാരിയുംപരം
വരാശയൻലേശമശിച്ചതില്ലതാൻ. 54

സ്വമാനസാന്തസ്ഥിതനാംസ്മരാരിതൻ
സുമാലയാംപാമ്പുകൾതിന്നതിക്കയൊ
ക്ഷമാധവൻതൻശ്വസിതാനിലോൽക്കരം
സമാഗമിച്ചില്ലവെളിക്കതെല്ലുമെ. 55

ഇടത്തുകാലിൻവിരൽമാത്രമൂർവ്വിയിൽ
കടത്തിയൂന്നിക്കട്ടനിഷ്ഠയാന്നവൻ
തുടുത്തിടുംതാർമുകുളങ്ങളെന്നപോൽ
പെടുത്തിയപ്പോണികൾമസ്തകോപരി, 56

പടന്നവൻകൊമ്പുകളൊക്കെവെട്ടിവ-
ന്നുടഞ്ഞുനിൽക്കുന്നൊരുകുററിപോലെയും
സ്വചിത്തമേകാഗ്രതയിൽച്ചെലുത്തിയ-
ശ്ശുചിപ്രവീരൻനിവസിച്ചുനിശ്ചലം 57

മനക്കരുന്നിൽ കുരുവംശവർദ്ധനൻ
കനക്കവേചേർത്തുഹരാംഘ്രിപങ്കജം
അനക്കമില്ലാതെവസിച്ചുഭൂരിനാ-
ളനർഗ്ഗളസ്ഥൈര്യമഹോമഹോൽക്കടം. 58

ശിരസ്സിനാലച്ചൊറിമാററിടാനട്ട-
ത്തുരച്ചുടൻവന്യമൃഗങ്ങൾനിർഭയം
മരച്ചുവട്ടിൽപടിപാൎത്ഥമേനിയിൽ
പരംപുരീഷാദിചൊരിഞ്ഞുപാഞ്ഞുതേ. 59

തൊടാൻമടിക്കാതെകഴുത്തിൽനൽതൃണ
ചരടാദിയാൽക്കൂട്ടപണിഞ്ഞുകൂട്ടമായ്
ജടാഭരത്തിൽസുഖമന്നുവാക്യവും
വിടാതെവാണാർവിഹഗങ്ങൾനിർഭയം. 60

തടഞ്ഞമെയ്യിൽത്തടവററുമന്ദമായ്
പടന്നുകേറിമലഫുല്ലവല്ലികൾ
കടന്നൽതൊട്ടുള്ളവകാതിനുള്ളിലായ്
കടന്നുകൂത്താടികരോരമത്തപം, 61

കുരുപ്രവീരൻെറവപുസ്സിലൊക്കെയും
കുരുത്തുവൻപുററുകളററമെന്നിയെ
കരുത്തുകൂട്ടന്നകിരീടിലേശമുൾ-
ക്കരുന്നിലീമട്ടറിയുന്നുമില്ലഹോ. 62

വൃദാകസാൎത്ഥങ്ങളണഞ്ഞു സാദ്ധ്യസ-
മ്പ്രദാത്മഹൃൽക്കാരമൊട്ടും പിണഞ്ഞുടൻ
സദാദ്ദതൻവാസവിതൻവപുസ്സിലായ്
ന്നദാവസിച്ചാർ സകുട്ടംബമായ് സുഖം. 63

സമാധിയിൽ ചിത്തമുറച്ചുപോയസൽ-
പ്രമാണിപാൎത്ഥൻഗണരാത്രമിത്തരം
സ്വമാംശരീരത്തെയുമോൎത്തിടാതെനൽ-
സുമാസ്തുഭിത്തിൻപദതാൎഭജിച്ചുതേ. 64

39460

മഹസ്സുകൂട്ടന്നമഹാവിശിഷ്ടരാം
മഹർഷികൾക്കും കഴിയാത്തമാതിരി
അഹസ്സനേകം സ്ഥിരനായ്തപിച്ചിട്ടും
മഹത്തമൻ പാൎത്ഥനനപാർത്ഥനാകുമോ; 65

AYAM PUBLIC LIBR
KOTTAYAM

പ്രശാന്തമായ്ത്തീൎന്നതപസ്വിയദ്ധ്വര-
പ്രശാസിതാവാൎന്നിട്ടമാത്തപോവനം
സ്വശാത്രവതാദ് വെടിഞ്ഞുതങ്ങളിൽ
ഭൃശാദരംപൂണ്ടിതുവന്യജീവികൾ.

പലാശസാംബാധയകന്നുവെങ്കിലും
പലാശസഞ്ചാരാദിതയായ് ഭൂമസ്ഥലി
നിലാവപോൽത്തീൎന്നുഖരാംശുരശ്മിനി-
ൎമ്മലാംബുവായ്നിമ്നഗയും തെളിഞ്ഞുതേ. 67

കരുത്തുകാട്ടാതെസ്വഗന്ധബന്ധുരം
മരുത്തുമാനിച്ചഥവീശിമന്ദമായ്
പുരുപ്രിയത്താൽപുതുപുഷ്പപാളിയ-
ത്തരുക്കളും തൂകിമനോജ്ഞമെങ്ങുമേ. 68

ഉദാരമപ്പാർത്ഥതപസ്സു പാർത്തുടൻ
ഹൃദാരസംതേടിന ചാരണാദികൾ
സദാരരായ് സാദരമത്തപസ്വിയേ
സദാരസലാപികൾ പാടിവാഴ്ത്തിനാർ. 69

ദിവാനിശംലേശമനങ്ങിടാതെയ-
ബ്ഭവാനിതൻവല്ലഭനേബ്ഭജിക്കയാൽ
അവാച്യഭാസ്സാൎന്നതപോമയാഗ്നിയാൽ
ജവാൽജ്വലിപ്പിച്ചുകിരീടിപാരിടം 70

39460

ഭുവനതലമശേഷംവിത്രസിക്കുംവിധത്തിൽ
പവനഗനിനിരോധംചെയ്തിതന്നിഷ്ടമൂലം
ഭവനെയനിശമുള്ളിൽചേർത്തുഭദ്രം സുഭദ്രാ-
ധവനനുപമതേജോമൂർത്തിയായ്തത്രപാർത്തു, 71

രണ്ടാംസർഗ്ഗം സമാപ്തം

---

# മൂന്നാം സർഗ്ഗം

ശ്വേതവാഹനനഹന്നിശംഭൃശം
ശ്വേതശൈലപതിയേബ്ഭജിക്കവേ
ഭീതനായ്മിമപിനാകനായകൻ
സ്ഫീതഭാഗിസഭതന്നിലെത്തിനാൻ. 1

ശർമ്മദായിനിസുധർമ്മയാംമഹ-
ധർമ്മകർമ്മഫലമേകുമാസഭ
ഭർമ്മരത്നമയശില്പചാതുരീ-
മർമ്മസാക്ഷിണിവിളങ്ങിയക്ഷണം. 2

പേരുകൂടിയൊരുവിശ്വകർമ്മസൽ-
ക്കാരുതൻെറകരകൌശലങ്ങളാൽ
ചാരുവാംസമശ്രുഭാഢ്യയെന്നുതാൻ
പ്പോരുമപ്പുറമുരപ്പതക്ഷമം 3

തത്ര ചിത്രതരമാസനത്തിലായ്
വൃത്രശത്രുനിവസിച്ചസത്വരം
സത്രഭോജിനികരത്തൊടിത്തരം
സത്രപശ്വസിതമാന്നു ചൊല്ലിനാൻ. 4

നന്ദനീയഗുണലാലിയാകുമെൻ
നന്ദനൻ ധൃതിപെടുംധനഞ്ജയൻ
കന്ദബാണപരിപന്ഥിതൻപദ_
ദ്വന്ദ്വമമ്പൊടുഭജിച്ചിടുന്നുപോൽ. 5

കേശവപ്രിയനഹന്നിശംനിശാ—
ധീശമൌലിയെയശങ്കമുഗ്രമായ്
ക്ലേശകാരിതപമാചരിക്കയാ—
ലീശനാശുപരിതുഷ്ടനായ് വരും. 6

മാനശാലിതനയൻത്രിലോകസം—
സ്ഥാനമൊക്കെയുമധീനമാക്കുവാൻ
മാനസപ്രിയമൊടുംഭജിക്കിലോ_
നൂനമായതുമുമേശനേകിടും, 7

ഞാനിനിത്രിദിവനാഥനെന്നുതാൻ
മാനിയർജ്ജുനനുദാരവിക്രമൻ
വാനിലെത്തുകിലെനിക്കുമുൽക്കടം
ഹാനി!പററുമഴലേററമാന്നുപോം. 8

തങ്കഴൽക്കടിമയായ് ഭജിച്ചിടും
പങ്കമററനിജസേവകക്കുടൻ
ശങ്കവിട്ടുവരമേതുമേകുവാൻ
ശങ്കരൻസതതബദ്ധകങ്കടൻ. 9

ധൃഷ്ടനാംവിജയനെൽത്രിവിഷ്ടപോൽ
കൃഷ്ടനായകതമൈക്കലോക്കിടും
സ്പഷ്ടമായ്മഹിതമാകുമെൻപദം
നഷ്ടമാകിലതുകഷ്ടമല്ലയോ, 10

പുത്രനാണു, ശരികാര്യമെങ്കിലും
വൃത്രശത്രുവിനെവെന്നു ഫല്ഗുനൻ
അത്രപംവരബലത്തിനാൽമദി-
ച്ചത്രവന്നുഭരണം തുടങ്ങിടും, 11

ആയതിന്നിടകൊടുത്തിടാതെനാ-
മായതശ്രമമൊടുഗ്രതപം
ആയവണ്ണമുടനേമുടക്കവാ-
നായണഞ്ഞുപണിചെയ്യനോക്കണം. 12

രംഭതൊട്ടസുരമാരിമാർമഹാ-
രംഭമിഗ്ഗുരുതപം തടഞ്ഞിടാൻ
സംഭരിച്ച ബഹുമോദിസത്വരം
ശംഭളീകുലമൊടൊത്തു പോകണം. 13

മീനകേതനനുമാനമേററിടും
മേനകാദികൾമനോഹരാംഗികൾ
മാനവേശനുടെമട്ടമാററുവാൻ
മാനസത്തിൽനിരൂപിക്കിലൊക്കമേ. 14

പാടലാധരികളൊത്തുചെന്നുതൻ
പാടവംവെളിവിലിന്നുകാട്ടണം
പാടശേഷമിതിലൊന്നിടാപ്പുറ-
പ്പാടറിഞ്ഞുമധ്യമമ്പിലെത്തിടും. 15

പക്ഷ്മളാക്ഷികൾചമൂക്കളിൽപരം
പക്ഷപാതമൊടുപുഷ്പചാപനും
തൽക്ഷണം പുറകിലായ് പുറപ്പെടും
തൽക്ഷപാകരതരാവലംബിയായ്. 16

ഉത്തമാംഗികൾ തിലോത്തമാദിസ-
മ്മത്തകാശിനികൾമൂത്തിയന്നവർ
ഒത്തമന്ദരസമോട്ടുപോകിലി-
ന്നത്തപസ്വിതരുണൻതരംകെട്ടും 17

കാലണഞ്ഞു പണിയുന്നവർക്കുടൻ
കാലവൈരിവരമേകിടുംസ്ഫുടം
കാലതാമസമിയന്നിടാതെയി-
ക്കാലമക്കമനിമാർഗണിക്കന്നം. 18

ഉല്ലലാക്ഷികൾപുറപ്പെടട്ടെയെൻ-
കല്പനപ്പടിപടുത്വമുള്ളവർ
ദർപ്പമാർന്നവിജയന്റെമാനസം
ദർപ്പകാധിയിൽമയങ്ങണംക്ഷണം 19

മന്ദമിങ്ങനെപുലോമജാകുച-
ദ്വന്ദ്വമർദ്ദനകരൻകഥിക്കവേ
സുന്ദരാംഗികൾസുരേന്ദ്രനേസ്വയം
സന്നമിച്ചുസമദംതിരിച്ചുതേ. 20

പാകശാസനനിദേശമൊത്തുല-
ന്നാകനാരികൾനവീനമട്ടിലായ്
ശ്രീകലർന്നുവിലസും പരിഷ്കൃതാ-
ലോകനീയരുചിമോടിനേടിനാർ, 21

കാമരാജജയലക്ഷ്മിനേടുമ-
സ്സാമജാധിപസമാനയാനകൾ
ഭീമസേനസഹജൻ തപിച്ചിടും
ശ്രീമദദ്രിനികടത്തിലെത്തിനാർ 22

വർണ്ണനീയരുചിഭൂഷണാദിയാൽ
വിണ്ണവർക്കുടയവാരനാരിമാർ
വെണ്ണതോററമൃദുമേനിമൂടിടും
വണ്ണമായവരലങ്കരിച്ചുതേ. 23

നീലനീരദനിരയ്ക്കുനിർമ്മല-
ശ്രീലസിക്കുമൊരുകന്തളങ്ങളാൽ
മാലണച്ചുതടിദാഭയാർത്തിടും
മാല്യചാർത്തിയവരുല്ലസിച്ചുതേ. 24

ഉദ്ധതപ്രകൃതിസൈംഹികേയസാ-
ലർദ്ധഭക്ഷിതശശാങ്കശോഭനം
മുഗ്ദ്ധവാണികൾചെരിച്ചനെററിമേൽ
സ്നിഗ്ദ്ധവാർമ്മുടിവിട്ടുകെട്ടിനാർ. 25

കുഞ്ചിതാളകകദംബകങ്ങളാൽ
സഞ്ചിതാഭമളികത്തിലുത്തമം
അഞ്ചിതാംഗികളനംഗവിഭ്രമം
തഞ്ചിടുംചെറിയപൊട്ടുതൊട്ടിതേ 26

അഞ്ജനംസ്വയമതീവനീലമാം
കഞ്ജമഞ്ജുമിഴിയിൽപ്രമുഗ്ദ്ധമാർ
അഞ്ജസാതദഭിവീക്ഷകാക്ഷിതൻ
രഞ്ജനത്തിനെഴുതിത്തിളങ്ങിനാർ. 27

ഭാസമാനതിലസൂനശോഭിയാം
നാസതന്നിലതിചാരുമൌക്തികം
ഹാസകാന്തിപുനരുക്തപാണ്ഡരം
ഹാസമത്തകളിലുജ്ജ്വലാഭമായ്. 23

മന്മഥന്റെമഹനീയകീർത്തിതൻ
നിർമ്മലപ്രഭ പതുക്കിടുംപടി
നിർമ്മന്ദസ്മിതനിലാവതുകിടും
തന്മനോജ്ഞതകൾവിളങ്ങിയേറാവും. 29

KOTTAYAM PUBLIC LIBRARY KOTTAYAM

കുന്ദകുഡ്മളസഗർഭ്യദന്തസ-
ദ്വൃന്ദഭാസുമരുണാധരാഭയും
സുന്ദരാംഗികളിലൊത്തുമല്ലിടും
മന്ദഹാസമസമാനശോഭനം. 30

നൽപ്പകിട്ടെഴുമനംഗതാന്ത്രിക-
ച്ചെപ്പടിക്കളിവിളക്കിനൊപ്പമായ്
ഉല്ലലാക്ഷികളുജ്ജ്വലിച്ചത-
ദ്ദർപ്പണദ്യുതിസുഗന്ധമണ്ഡലം 31

നീലനിർമ്മലനിചോളപാളിയാൽ
സ്ഥൂലവൃത്തകുചചക്രമണ്ഡലം
ലോലലോചനകൾമൂടിയാംഗഭ്രൂ-
ജാലവിദ്യയിൽമറച്ചിടുംവിധം 32

മുത്തുമാലകളതംതുടങ്ങിയഹ്ര-
ന്മുത്തുചേർത്തിടുമലംകൃതിവ്രജം
നിസ്തുലപ്രഭമണിഞ്ഞണഞ്ഞുത-
ദത്തുളസ്തനികളർജ്ജുനാന്തികം 33

നിർജ്ജരപ്രഭു നിദേശമോർത്തുത-
ന്നിർജ്ജനാടവിയിലാവസന്തവും
സജ്ജനാഗ്രണിമനംമഥിക്കുവാൻ
സജ്ജനായ് സഹായമണഞ്ഞുമന്നമേ, 34

മന്മഥേഷ്ടസഖനായിടുംജഗൽ
സമ്മതൻമധുസലീലമസ്ഥലം
സമ്മദത്തൊടുസമാഗമിക്കവേ
സന്മനസ്സുമിളകിഭ്രമിച്ചുപോയ്. 35

പൂർത്തിയിൽകുസുമകാർമ്മുകൻെറനൽ
കീർത്തിവൃത്തമെഴുതിപ്പതിച്ചപോൽ
നേർത്തിടുംവിവിധസൂനസഞ്ചയം
ചേർത്തിണങ്ങിവനവൃക്ഷവല്ലികൾ. 36

മുല്ല’ചെമ്പകമശോകസാല’മെ-
ന്നല്ലസർവവിടപിവ്രജങ്ങളും
അല്ലലദ്ധ്വഗരിലേകിടുംവിധം
നല്ലപോലഥതളിർത്തുപൂത്തുതേ. 37

കാന്തതൻകുചസരോജകുഡ്മളാ
പാന്തമിന്നുവെടിയുന്നപൂരുഷൻ
ശ്രാന്തനാകുമുടനെന്നുനിന്ദയാൽ
സ്വാന്തമോദമൊടുമാർത്തുവണ്ടുകൾ 38

പാടലാധരികൾ തൻരദച്ഛദം
പാടവത്തൊടു തിരസ്കരിച്ചവൻ
പാടലംപിണയുമെന്നുതത്വമാം
പാഠമപ്പൊളുരുവിട്ടു കോകിലം. 39

സുന്ദരാംഗികളെ വേർപിരിഞ്ഞിടും
മന്ദനേപ്പരിഹസിച്ചിടുംപടി
നന്ദനീയതവസൂനവല്ലരി-
വൃന്ദമൊത്തുവിലസീവനസ്ഥലി, 40

മോടിയോടുമൃദുവേണുസുസ്വനം
പാടിമാരുതവിടൻവരുംവിധൌ
ആടിയങ്ങനെകുഴഞ്ഞുസൽസുമം
ചൂടിടുന്നലതികാനതാംഗികൾ 32

മാരമിത്രമതിമാത്രകൗതുകം
പാമടച്ചുപരമേകിടുംമധു
സ്വൈരമസ്ഥലിയിൽമുത്തൊടെത്തിടു
ന്നേരമേറിനുമുദിച്ചു ഹൃന്മുദം. 43

ഫുല്ലവല്ലികൾപടർന്നുകേറുവാൻ
മെല്ലവേ.സ്വയമണഞ്ഞിടുംവിധൌ
ഉല്ലസിച്ചുവിടപങ്ങൾചേർത്തുടൻ
നല്ലശാഖികൾസുഖംപുണർന്നുതേ. 43

പിന്നിലായ് പരമടുത്തുമുത്തൊട്ടും
വന്നിടുംമൃഗിയെമത്തനായമാൻ
നിന്നിണക്കമൊട്ടുകൊമ്പിനാൽച്ചൊറി-
ഞ്ഞന്നിലസ്സുരതിക്കൊരുക്കമായ്. 44

മത്തഹസ്തിനിനദങ്ങൾകേട്ടതൻ-
മസ്തകത്തിനുകുതിച്ചുകേസരി
തത്രസിംഹിയെയടുത്തുകാൺകയാൽ
സത്വരംസ്മരനുകീഴടങ്ങിനാൻ. 45

കോപിയായ് മൃഗവിഹിംസചെയ്യുവാൻ
വാപിളർന്നു വിരുതാർന്നു പാഞ്ഞവൻ
ദ്വീപിതൻ പ്രിയയെ വീക്ഷചെയ്കയാൽ
ദ്വീപിതസ്മരനതോർമ്മവിട്ടുപോയ്, 46

കാട്ടുപോത്തുമഹിഷീനണത്തൊട്ടും
കൂട്ടുകൂടി മൃദുപുഷ്പമലവും
കോട്ടമെന്നിയെ മണത്തു മത്തനായ്
കോട്ടവായൊട്ടുമുയൻ്റു ചാടിനാൻ. 47

അമ്പിയന്നു കരിണിക്കെഴംപ്പുറം
തുമ്പികൊണ്ടഥ തലോടിമെല്ലവേ
കുംഭിരാജനിണചേൻ്റു; ഹന്തപൂ
വമ്പിനുള്ളൊരു മഹത്വമത്ഭുതം, 48

മത്തകോകിലമരാളസാരസാ-
ദ്യുത്തമപ്രഥിതപക്ഷിപാളിയും
തത്തദിഷ്ടദയിതാഗണങ്ങളോ-
ടൊത്തമന്ദരസമാർന്നിതെങ്ങുമേ. 49

താപമാർന്ന തപമൊട്ടുവാണിട്ടും
താപസർക്കുടയമാനസത്തിലും
ഹാ! പരം പരവശത്വമിക്ഷുവാം
ചാപമേററിയവനേകിയക്ഷണം 50

ഈവിധംമധുപനൊത്തു തൽ-
ഭൂവിലങ്ങനെ സമുല്ലസിക്കവേ
ആവിലത്വമിലയാത്ത നിർജ്ജര-
സ്ത്രീവിലാസിനികൾ തത്രകൂടിനാർ. 51

കണ്ണടച്ചു പട്ടുപാണ്ഡുസൂനു മു-
ക്കണ്ണനേ ദൃഢതരം ഭജിപ്പവൻ
തിണ്ണമംഗജശരാർത്തി തേടീട്ടും
വണ്ണമക്കമനിമാർ കളിച്ചുതേ. 52

ശ്രോണിബിംബകുചഭാരമാന്ത-
ദ്വേണിനിർജ്ജിതനവാംബുദാളികൾ
ക്ഷോണിതന്നിലവിടെത്തിളങ്ങിനാർ
ചേണിയന്നവനദേവിമാർവിധം 53

ഹസ്തിനായകഗതികൾശസ്തമാം
സ്വസ്തിവാചകമുരച്ചിടുംപടി
മുത്തണഞ്ഞവിടെലാത്തിമന്ദമായ്
മുത്തണിസ്തനികൾമുഗ്ദ്ധസുസ്മിതം. 54

ചഞ്ചരീകരുചിതഞ്ചിടുംമനോ-
വഞ്ചകംമിഴിമദാലസാംഗികൾ
പഞ്ചബാണനുടെശസ്ത്രധാരപോൽ
പഞ്ചമെന്നിയെയറിഞ്ഞുപാർത്ഥനിൽ. 55

നിത്യവുംസുധശയിക്കുമൂലമാ-
സ്തുത്യമാധുരിയിലുംമികച്ചതായ്
സത്യമശ്മവുമലിഞ്ഞിടുന്നപാ-
ട്ടുത്തമാംഗികൾതെളിഞ്ഞുപാടിനാർ. 56

അഭ്രകേശിനികൾപേശലങ്ങളാം
വിഭ്രമങ്ങൾവിവിധംനടിച്ചുടൻ
ശുഭ്രഹാസമലർതൂകിമാരസ-
ന്ദർഭദായിനികളാടി മോടിയിൽ. 57

പഞ്ചബാണപരദൈവതങ്ങളാം
പഞ്ചവർണ്ണശുകരാജവാണികൾ
കിഞ്ചപാർത്ഥനിലണച്ചു പുഞ്ചിരി-
ക്കൊഞ്ചലൊടുകടാക്ഷസഞ്ചയം. 58

പുള്ളിമാൻ മിഴികൾ പോർമുലക്കുടം
തുള്ളിടുന്നതുലയററകേളികൾ
ഉള്ളിണക്കമൊടുചെയ്ത തത്താപം
തള്ളിനീക്കുവതിനായ് തഥാവിധം 59

തൊണ്ടിപോലെ രുചിരം തുടിച്ചിട്ടും
ചുണ്ടിടങ്ങളിടെ നനച്ചു നാവിനാൽ
കണ്ടിവാർ മുടിയൊരുത്തി പാത്ഥനേ-
കണ്ടിവണ്ണമുരചെയ്ത സസ്മിതം. 60

കോമളാംഗനതിമാത്രമിപ്പുമാൻ
ശ്യാമളം തരുലതാഢ്യമീവനം
കാമകേളിനടനത്തിനെന്തിനി-
ത്താമസം വരുണിമാരൊരുക്കമായ്. 31

ചമ്പകാംഗികളടുത്തു പാത്ഥപൂ-
വമ്പനുള്ള പടവെട്ടിനേർത്തിടാൻ
വമ്പരായ ചുണയുള്ളവക്കു നീ
മുമ്പനെങ്കിലൊരു പേരു നോക്കിടാം. 62

പങ്കജേക്ഷണയൊരുത്തിയപ്പൊഴാ-
കൊങ്കയിൽപ്പുളകപാളി ചിന്നിയോൾ
തങ്കമേനിയിൽ വിയർപ്പൊട്ടും സ്മരാ-
തങ്കമാന്നു ചിലരേവമോതിനാൽ. 63

മോഹനാംഗ! മതിയിത്തപസ്സദ്ദ-
മ്മോഹമെന്തിഹ തുടങ്ങിടുന്നു നീ
ആഹവപ്രാത! ഭവാൻ സുമേഷുത-
ന്നാഹവത്തിനു മടിച്ചു മാറെറാലാ, 64

പങ്കമററ സുരനാരിമാർസ്വയം
പങ്കജാസ്ത്രരണനാടകത്തിനായ്
ശങ്കയെന്നിയെ വിളിച്ചിടുമ്പോൾ നീ
വങ്കനോ വിജയ! വിട്ടൊഴിയ്ക്കുവാൻ? 65

ആണുതന്നെ പരമെങ്കിലോ വെറും
സ്ഥാണുപോലെ നിവസിപ്പതെന്തു നീ
താണുനിൻരതി കൊതിച്ചുരസ്സുമീ.
വേണുപാണികളിലാസ്ഥയില്ലയോ? 66

വൻതപസ്സു മതിയാക്കിവേഗമി-
പ്പന്തണിക്കുളുർകുചങ്ങൾ പുൽകി നീ
ഹന്ത മാധുരിതുളുമ്പിടും ലസൽ-
ദ്ദന്തചേലരസമാസ്വദിക്കെടോ. 67

മന്മഥോപമ മനോജകേളിയിൽ
ത്വന്മനസ്സിനു വിമോഹമററിതോ?
ജന്മമിങ്ങനെ വൃഥാവിലാക്കൊലാ
നമ്മലീലകൾ നമുക്കു ചെയ്തിടാം, 68

സുന്ദരാംഗ! സുരലോകസുന്ദരീ
വൃന്ദമിങ്ങനെ വിലാസപേശലം
കുന്ദബാണവിഹൃതിയ്ക്കിരക്കവെ
കിന്ദയാകണിക നിങ്കൽവേണ്ടയോ? 69

ഇത്യാദി നിർജ്ജരവരാംഗനമാരുദാര-
രത്യാഭിമുഖ്യമൊടനേകവിധത്തിലെല്ലാം
അത്യാദരം പണികൾചെയ്കിലുമർജ്ജുനൻതൻ
കൃത്യാഭിവിഘ്നമണുപോലുമണഞ്ഞതില്ല. 70

പലവികൃതികൾ വീണ്ടും വേണ്ടപോൽകാട്ടിയിട്ടും
ഫലമൊരു ലവലേശം കണ്ടിടാഞ്ഞിണ്ടലോട്ടം
വലമഥനവധൂടിവൃന്ദവും വിട്ടൊഴിച്ചാർ
ബലനിധിവിധുവംശ്യൻവൻതപംതന്നെചെയ്യാൻ 71

മൂന്നാം സർഗ്ഗം സമാപ്തം.

---

# നാലാംസർഗ്ഗം

ഹന്തകുന്തീസുതൻതന്റെ വന്തപസ്സായ പാവകൻ
സന്തതോജ്ജൃംഭിതജ്യോതിസ്സന്തമെന്ന്യേജ്വലിച്ചതേ. 1
സഹസ്രമയൂഖാഹ്നദിവ്യദഹസ്കരരുദിക്കയോ
മഹസ്സൊടാക്രമിച്ചോ ദുസ്സഹൻ സംഹാരപാവകൻ. 2

ജ്വാലാമാലവമിച്ചീട്ടും ഹാലാഹലമഹാവിഷം
കാലാന്തകക്രൂരമുദ്യൽക്കോലാഹലമെതിക്കയോ? 3
അന്തമ്മേദമമർഷോഗ്രനന്തമേവക്കുമേകുവാൻ
ഹന്തവായും പിളന്നുകൊണ്ടന്തകൻതന്നെനിൽക്കയോ. 4

സംഹാരരുദ്രൻ കോപിച്ചു സിംഹാരവവുമിട്ടടൻ
കിംഹാ! ലലാടാക്ഷിലോക സംഹാരാൎത്ഥം തുറക്കയോ. 5
തഥാവിധജഗത്ഭരങ്കാവ്യഥാകരമുദാരമായ്
അഥാധികം വർദ്ധിച്ചു പൃഥാസുതതപശ്ശിഖി, 6

കുന്തീസുതതപസ്സാകും വന്തീയിൽസർവവിശ്വവും
വെന്തീടുമെന്നുസന്താപമേന്തിമുനിസുരാദികൾ. 7
സവ്യസാചിതപംമൂലംസവ്യഥന്മാർ സുരാദികൾ
അവ്യയൻശംഭുവാഴുന്ന ദിവ്യലോകത്തിലെത്തിനാർ. 8

യക്ഷകിന്നരഗന്ധർവരക്ഷശ്ചാരണസാദ്ധ്യതം
ത്ര്യക്ഷനേക്കാണുവാനായിത്തൽക്ഷണംചെന്നുകൂടിനാർ 9
സനൽക്കുമാരസനക സനന്ദാദിമുനീന്ദ്രരും
മനക്കുരുന്നുവാടിത്തൽമനസ്വികളണഞ്ഞുതേ 10

തള്ളിക്കേറിവരുംഭീതിയുള്ളിൽക്കൊള്ളാഞ്ഞുസർവരും
വെള്ളിക്കുന്നാംപുരദ്വിട്ടിൻപള്ളിമേടയിലെത്തിനാർ.
അഭ്രമുപ്രാണനാഥൈഭവിഭ്രമംതഞ്ചിടുന്നതായ്
ശുഭ്രശാരദസന്ദീപ്യദഭ്ര ഛാതുതേ ചേർന്നതായ് 12

വിമാനനപരം നാകിവിമാനനിചയത്തിനും
അമാനപ്രഭയാൽ ഭാനുസമാനം നൽകിടുന്നതായ്. 13
പാരം മഹേശൻ പൂശുന്ന ചാരം താഴത്തുനിത്യവും
സ്വൈരംപതിക്കയാൽ സ്വച്ഛഗൗരംകാന്തികലർന്നതായ്

സദാലസിക്കും കൈലാസസദാദ്ഭുതശിലോച്ചയം
ഉദാരഭക്തികൈക്കൊണ്ടു തദാസർവരുമേറിനാർ, 15
ദ്വാരത്തിൽകാവലായ്നിൽക്കും ചൂരല്ലോല്ക്കാരിൽ
മുന്തിയോൻ
ശൂരനാംനന്ദിനന്ദ്യാതൽസൗരസംഘത്തെനോക്കിനാൻ-

കടന്നുകേറുമവരേത്തടഞ്ഞു ഹരകിങ്കരൻ
ഉടൻതദാഗമോദന്തം സ്ഫുടം ദേവനൊടേതിനാൻ 17
സന്മനസ്സാമവൻ സ്വാമിസമ്മതത്താൽ തദന്തികം
തന്മഹർഷിസുരൗഘത്തെ സമ്മതത്തോടണച്ചുതേ 18

സമനന്തര മാഭാസ്വൽ സമന്തം പെടാത്തവൻ
സ്വമനസ്സുകളിൽചേർത്തുസുമനസ്സുകൾവാഴ്ത്തുവോൻ. 19
ജടാപടലസഞ്ചരന്നസ്പുടാഭസുരസിന്ധുവും
നിടാലവിലസൽ തേജകടാഹകഠിനാക്ഷിയും; 20

ഹിമക്ഷ്മാഭൃൽ സുതാസ്യാബ്ജഭ്രമൽഭ്രമരണബന്ധുരം
സമസ്തലോകസന്ത്രാണസമർത്ഥക്ഷണനശ്രമവും. 21
സർപ്പകുണ്ഡലസം രാജൽദർപ്പണദ്യുതിഗന്ധവും
അപ്രമേയസ്മിതജ്യോത്സ്നാശുഭ്രവക്ത്രാമതാംശുവും.

ഹാലാഹലവിഷജ്വാല ജ്വലാകലിത കണ്ഠവും
ചേലാളും തൽകപാലാസ്ഥിമാലാമഹിതമദ്ധ്യവും, 23
പേശലാംശുലപരശു പാശ ചാപാങ്കുശാദിയാൽ
മോശമററുലസിക്കും സൽക്ലേശഹാരിഭുജങ്ങളും. 24

രോമാളിയാൽപകുത്താശുവാമാർദ്ധംവേർതിരിച്ചതിൽ
പ്രേമാർദ്രമുല്ലസിച്ചിട്ടും രാമാമണിമുഡാനിയും 25
ആനത്തോലാൽ മറച്ചിട്ടമാനൽകടീതടാദിയും
ന്യൂനംത്രിഭുവനാലംബസ്ഥാനമാംപാദപത്മവും. 26

പുഷ്ടശോഭം പ്രകാശിക്കമഷ്ടമൂർത്തിമഹേശ്വരൻ
തുഷ്ടർഷിസുരവൃന്ദത്താൽദൃഷ്ടനാസ്ഥത്രസത്വരം, 27
ഭൂതവൃന്ദങ്ങളും തത്രഭൂതനാഥാദിപുത്രരും
പ്രീതരായ്ശംഭുപാർശ്വത്തിൽവീതപങ്കം വിളങ്ങിനാർ.

ഭദ്രകാര്യങ്ങളേകുന്നഭദ്രകാളിതനൂജയും
രുദ്രദേവാന്തികത്തിൽതാൻഹൃദ്രസത്തോടുവാണതേ. 29
നഭാവമപ്പുരംജ്യോതിസ്സുവാങ്മനസഗോചരം
ജ്വാലവീക്ഷിച്ചുകൈക്കുപ്പിനസ്തുവാഗ്ര്യംവാഴ്ത്തിനാരവർ. 30

ഭവാനീഭാഗ്യഭ്രമാവാം ഭവാനാർത്താർത്തിഭഞ്ജനൻ
ഭവാഭിധജഗൽബാധാ ഭവാമയമകററുവോൻ. 31
ദിക്കാകെബ്ഭസ്മമാക്കീടാനൃക്കാളുംകാളക്കൂടവും
ചിൽക്കാതല്ലാംഭവാൻഭക്ഷിച്ചക്കാലം കാത്തുവിഷ്ടപം;

39460

യക്ഷാരാട്ടിന്നുധനവുമക്ഷയംദിക്പതിത്വവും,
ത്ര്യക്ഷഭോ!നൽകിട്ടുംനിൻെറപക്ഷപാതമനുത്തമം. 33
പാദാന്തംകണ്ടുകിട്ടാത്തവേദാന്തതരുശാഖയിൽ
മോദാന്തരംഗംവാഴുംനിൻപാദാന്തംശശ്വദാശ്രയം. 34

ഭുവനാണ്ഡകടാഹൈക ഭവനാഗ്ര്യത്തിലുന്നിനായ്
ഭവനാമങ്ങുതാൻതുണായ് ഭവനാശനനില്ലവൻ, 35
ചരാചരജഗൽസൃഷ്ടികരാബ്ജഭവനായതും
ചിരായതൻജഗദ്രക്ഷാപരാധോക്ഷജനായതും. 36

സർവത്രിലോകസംഹാരിശർവനായ് തീർന്നതുംഭവാൻ
ദുർവർണ്ണശൈലനിലയ! സർവദാകാത്തുകൊള്ളുക. 37
ഹന്തസന്തപ്തരാംഞങ്ങളന്തകാന്തകതാവകം
സന്തതംകൈവണങ്ങുന്നു ചിന്തനീയാംഘ്രിപങ്കജം 38

ശ്രീപതിദ്രുഹിണാരാദ്ധ്യൻനീപരംഭക്തവത്സലൻ
ആപന്നാർത്തിഹരത്വത്താലാപിച്ചുഹരാഖ്യതേ. 39
ഖാണ്ഡവംചുട്ടുരപാട്ടിച്ച പാണ്ഡവൻ തപസ്സിനാൽ
താണ്ഡവപ്രിയ! ഭോ!ലോകഭാണ്ഡമിപ്പോളടഞ്ഞുപോം

ഏറ്റുന്നതതപംമൂലംനീറുന്നിതുജഗത്ത്രയം
ആറുംനവശശിക്കീറും പേറുന്ന ഭുവനപ്രഭോ! 41
പ്രാണവായുവടക്കിത്വൽപ്രീണനത്തിനുഫൽഗുനൻ
ക്ഷീണമെന്യേതപിക്കുന്നിതേണലാഞ്ഛനചൂഡ!ഭോ 42

വിഷ്ടപംതൽതപസ്സാലെനഷ്ടമാക്കിച്ചമയ്ക്കോലാ
ശിഷ്ടനാംസവ്യസാചിക്കുതുഷ്ടനായ്വരമേകനീ. 43
എന്തിനിത്താമസം ലോകംവെന്തിട്ടുംമുന്നമേ ഭവാൻ
കുന്തിതൻസൂനുവിന്നുള്ള ചിന്തിതംചെന്നുനൽകുക. 44

KOTTAYAM PUBLIC LIBRARY KOTTAYAM.

39460

പട്ടത്വമേറും പാർത്ഥന്നു കൊട്ടത്താലും വരംവിഭോ
ഉടൻസർവജഗത്താപമടങ്ങട്ടെദയാനിധേ! 45
ഇപ്രകാരംവണങ്ങിത്തൻസ്വർപ്പതിവ്രജമോതവെ
സുപ്രസന്നമുഖൻശർവൻക്ഷിപ്രമിങ്ങനെചൊല്ലിനാൻ 46

വീര്യാഹങ്കാരമേറുന്ന ശൌര്യവാൻശ്വേതവാഹനൻ
സ്ഥൈര്യമാർന്നുതപംചെയ്യും കാര്യമിങ്ങറിയുന്നുഞാൻ 47
താമസിക്കാതെഞാൻ പർത്ഥകാമസന്തൃപ്തിചേർത്തിടാം
മാമകാശ്രിതരോടേററം പ്രേമമുള്ളത്തിലുണ്ടുമേ. 48

ആയാസമല്പവുംവേണ്ട പോയാലും നിങ്ങളേവരും
ഭീയാപിക്കില്ലകുശലംഭൂയാൽനിങ്ങൾക്കുമേൽക്കുമേൽ, 49
അജ്ജഗൽഗുരുവാങ്ങ് മാദ്ധ്വീമജ്ജനത്താൽ കുളുത്തുടൻ
വിജ്വരാത്മാക്കളായിത്തന്നിർജ്ജരന്മാർ തിരിച്ചുതെ. 50

സത്രാശനാദിനിവഹം സത്രാസംവിട്ടുപോകവേ 51
ഗോത്രാരീജനെയോർത്തീശൻഗോത്രാത്മജയൊടോതിനാൻ
“സാദരംഗൌരി നമ്മെ ത്വൽസോദരപ്രിയനർജ്ജുനൻ
വാദമററുഭജിക്കുന്നു ഖേദമന്യക്കേഴുംവിധം. 52

പുരുഹൂതസുതൻ നമ്മെപ്പുരുഭക്ത്യാ ഭജിക്കയാൽ
വിരുതന്നു വരംനൽകാനരുതിന്നി വിളംബനം. 53
ഹേ കാതരാക്ഷി! തൽക്കാമമേകനായിട്ടുറച്ചുഞാൻ
ലോകാവനവ്രതംതെററിപ്പോകാതെ കരുതേണ്ടയോ? 54

മല്ലാരിസഖനെന്നുംതാൻ ചൊല്ലാളും പട്ടവെന്നുമേ
വല്ലാതെ മദമാടത്രേ വില്ലാളി മരുവുന്നതും. 55
മക്കടധ്വജനാർണീട്ട മുല്ലടം ഗർവമെത്രയും
മൽഘലടസ്തനി! മാററാതെ ദുർഘലടം കാമപൂരണം, 56

അഹന്തഹന്ത നീക്കാതെ യഹം തൽപ്രിയമേകിടാ
മഹസ്വിയവനോടാജിമഹം തെല്ലു നടത്തണം. 57
പാർത്ഥൻെറകയ്യൂക്കലാക്കിൽ പാർത്തറിഞ്ഞൊന്നമത്തി-
ഞാൻ
കാന്തസ്വരാംഗിവേഗംതൽകാന്താർത്ഥ്യത്തെവരുത്തുവൻ.

ഭീ, മാനവാധിപക്കേകും ഭീമാഗ്രജപരാക്രമം
ഹേമാദ്രിസ്തനി! വാർത്തീടാൻഹേമമാന്യേഹൃത്തിലാഗ്രഹം.
കന്ദർപ്പതുല്യനാം ജിഷ്ണുതൻദർപ്പം തെല്ലടക്കിടാൻ
സന്ദർഭമിപ്പൊളുണ്ടാക്കിസ്സന്ദർശിക്കാം കിരീടിയെ, 60

മനസ്സിനും ശമംവന്നേ മനസ്വിശ്ശുഭമാന്നിട്ട-
ഘനങ്ങളററ വാനിൽതാനനർഘശശിതാരകൾ. 61
പോരാളിയവനോടൊന്നു പോരാടാനുറച്ചുഞാൻ-
പോരാഭവതിയുംകൂടി പോരാമെങ്കിലതും ഹിതം. 62

താമസംതെല്ലുമേവയ്യാതാമരാക്ഷി! നമുക്കുടൻ
കാമതാതപ്രിയാഭ്യാശംകാമദായിനിയെത്തണം," 63
കിശോരചന്ദ്രചൂഡോക്തികൃശോദരിതഥാവിധം
വിശോധിച്ചുനിനച്ചേവംവിശോകത്തോടുചൊല്ലിനാൾ.

"ദേവ ദേവ! ഭവൽപാദസേവചെയ്യുന്നപാർത്ഥനിൽ
കേവലം കലഹിപ്പാനോ ഭാവമെന്തുഭവന്മതം? 65
ശ്രദ്ധയോടും ഭവാനെത്തൻശുദ്ധനായ്സേവചെയ്‌വാൻ
ബദ്ധവൈരസ്യനേപ്പോലെ യുദ്ധംചെയ്‌വതിനർഹനോ

കണ്ണടച്ചുദിവാരാത്രം കർണ്ണവൈരി ഭജിക്കവേ
ദണ്ഡപാണിരിപോ! ചണ്ഡദണ്ഡമേല്പിക്കയുക്തമോ? 67
ശംകനിഞ്ഞു സദാനൾകുംശങ്കര! തൽപദാംബുജം
ശങ്കവിട്ടാശ്രയിപ്പോർക്കു സങ്കടം നീവരുത്തൊലാ. 68

മതിചൂഡ! തപംചെയ്യും മതിമാനായ പാൎത്ഥനിൽ
മതിയിൽപ്രഥനൌത്സുക്യംമതിയാക്കണമിക്ഷണം. 69
ഭൂതികാംക്ഷിച്ചുചെയ്തീടും ഭൂതിഭൂഷതപസ്സുമേൽ
ഭീതിചേൎക്കുന്നതെന്നായാൽജാതിയായ്‌നന്നുതൽഫലം 70

ചേലിയന്ന തപസ്സിൻെറക്കുലിതൽപീഡയെങ്കിലൊ
മേലിലിക്കൂട്ടഭക്തക്കായ് ജോലിചെയ്യേണ്ടിവന്നിട. 71
ചെന്നെന്നസേവിക്കുമവനേ ചെന്നേററുപടവെട്ടിടാൻ
ഇന്നേറിട്ടമഭിപ്രായം നന്നേവംരീതിനൂതനം. 72

പരിഹാസോക്തിയോഭക്ത പരിപീഡനസക്തിയോ
ശരിയല്ലെന്നുതോന്നുന്നു ഗിരിശ! ത്വന്മനോരഥം. 73
ആവിഗ്നയായ് ഗോത്രപുത്രിയീവിധത്തിലുരച്ചുവെ
ആവിശ്വവന്ദ്യനാംശംഭുദേവിയോടോതിപിന്നെയും: 74

„പൂതാഗി!ഭക്തസർവാൎത്ഥ ദാതാവെന്നുജഗൽശ്രുതൻ
ഭൂതാധീശനിവൻസേവചെയ്താലായാൾക്കധീനനാം. 75
ചാരുവാണി! മതിഭ്രാന്തിപോരുമപ്പാൎത്ഥനോട്ടുഞാൻ
പോരുടൻതെല്ലുചെയ്തീട്ടെപ്പേരുമീപ്സിതമേകിടാം. 76

മാനിപാർത്ഥൻെറഉയ്യൂക്കുമാനിച്ചീടട്ടെസർവരു
പൂനിലാവൊത്തതൽകീൎത്തിവാനിലുംവെള്ളതേച്ചിടും.77
കിരീടിതൻെറകൈയൂക്കു പരീച്ചിഷ്ടമേകിടാം
ഒരീഷലതിനിന്നില്ല ഗിരീന്ദ്രവരനന്ദിനി! 78

സർവധൂവന്ദ്യമാകുംമൽ സവ്യകായത്തൊടൊത്തുടൻ
സവ്യസാചിക്കുവിജയംസർവ്വഥാചേർപ്പതുണ്ടുഞാൻ 79
ഉരച്ചേവമുമാകാന്തനുരത്തകുതുകത്തൊടും
സ്ഫുരത്തനുതഥാഭൂതംതരത്തിലഥമാററിനാൻ, 80

കരാളഭൂഷാവേഷാഢ്യം കിരാതവടിവത്ഭുതം
പുരാദ്ദൃഷ്ടിചരംപൂണ്ടു പുരാന്തകനിഷൂദനൻ, 81
സ്ഫുരൽശ്രീയാംകപർദ്ദംതൽ ശിരസ്സിൽധൂമ്രകേശമായ്
പരമർദ്ധേന്ദുതാൻഭീതികരമാം ദംഷ്ട്രയായ് സ്വയം. 82

ത്വിട്ടാളമക്ഷിതാൻനെററിപ്പൊട്ടായ തീൻഭയാനകം
കാട്ടാനത്തോലുതാൻചേല കാട്ടാളനിലയിങ്കലും 83
ചേലാളും തൽകപാലാസ്ഥിമാലാദിയുമണിഞ്ഞുതാൻ
മേലാകവേഗളംപോലെഹാലാഹലവിഷാഭമായ്. 84

അനന്തരംകയ്യിലെഴും പിനാകംകുലവില്ലുമായ്
ഘനാകൃതിതദാഭീമസ്വനാമംസ്പഷ്ടമാക്കിനാൻ. 85
കാട്ടാളമൂർത്തിയായ് മാന്ദ്യം കാട്ടാതെ മദനാന്തകൻ
കാട്ടാനനടയാളോട്ടും കൂട്ടായ്പോരാനുരച്ചുതേ. 86

കാന്താഭിപ്രായമോർത്താശു കാന്താകൃതി ഭവാനിയും
കാന്താരചാരിണിവ്യാധ കാന്തരൂപം ധരിച്ചുതേ 87
ശ്രീഭദ്രദാത്രിലാവണ്യലോഭനീയാഭചേർന്നവൾ
ബീഭൽസ്വപാർശ്വമെത്തീടാൻ ബീഭത്സാകൃതിനേടിനാൾ

ലാളിച്ചുഗൌരിയെന്നുള്ള ലാളിത്യപ്പേരിലേററവും
കാളിയെന്നുള്ളപേരപ്പോൾ മേളിച്ചിതുഭവാനിയിൽ 89
ആടയുംമൂർത്തിയുംകണ്ടാലാടലുണ്ടായിട്ടംവിധം
വേടനായകയോഷിത്തായ് പേടമാന്മിഴിപാർവതി. 90

കരാളദാംഷ്ട്രാപിംഗാക്ഷം കിരാതാകാരമാൻറുടൻ
ചരാചരജഗദ്രക്ഷാപരാത്മാക്കൾവിളങ്ങിനാർ. 91
ധൃതാനന്ദംസൃഷ്ടിസ്ഥിതിലയകരന്മാർത്രിജഗതീ
പിതാക്കന്മാരമ്മാതിരിമൃഗയുതന്മാനിനികളായ് 92

ഭൂതാശ്ചര്യ്യംഭൂതപ്രഥമഗണവുംതത്രവിഭൂതൻ
ഹിതാർത്ഥംനായാട്ടിന്നുചിതവടിവായ് തീൎന്നുതരസാ. 93
കാലദേഷികിരാതവീരതനുവായ്
കാട്ടാളയോഷിത്തുതൻ
കോലംപൂണ്ടുഭവാനി, ഭൂതഗണവും
നായാടിവൎഗ്ഗങ്ങളായ്

ലീലക്കിങ്ങനെലോകനായകനൊരു-
ങ്ങിത്താൻപുറപ്പെട്ടത-
കാലംകണ്ടുപുകഴ്ത്തിനാർ പുകളിതാം-
ഗന്മാർ പുലസ്ത്യാദികൾ, 94

നാലാംസർഗ്ഗം സമാപ്തം.

---

## അഞ്ചാം സർഗ്ഗം

മിന്നിടുംമഹിതകീൎത്തിനിലാവി-
മന്നിടത്തിൽനെട്ടനീളെനിരത്തി
മുന്നിലെത്തിയൊരുനാൾസ്വസഭാഗ്ര്യം
തന്നിൽവാണിതുസുയോധനമന്നൻ. 1

വർണ്ണനീയബലശാലിവദാന്യൻ
കർണ്ണനിഷ്ടസഖനാനൃപനോടായ്
കർണ്ണസീമ്നിചിലതോതിനിഗൂഢം
സ്വർണ്ണപീഠതലമേറിവനിന്യ, 2

ശൌര്യശാലി ധൃതരാഷ്ട്രസുതേഷ്ടം
കാര്യമെന്നകരളിൽകരുതിത്താൻ
ആര്യശീലരവിടെക്കൃപഭീഷ്മാ-
ചാര്യമുഖ്യരുമടുത്തുവസിച്ചാർ. 3

വൻചതിപ്പണിഭൃശംപിശുനത്വം
നെഞ്ചകത്തിലിടതിങ്ങിയധൂർത്തൻ
വഞ്ചകൻശകുനിതാടിതലോടി-
ത്തഞ്ചമോടുസഭയിൽസ്വയമെത്തി. 4

ശാസനങ്ങളനുസരിച്ചുതദാദു-
ശ്ശാസനാദിസഹജാതരശേഷം
ഭാസമാനമണിപീഠതലംഭൂ-
വാസവാനുമതിയോടുമണഞ്ഞു. 5

ഉന്നതാസനതലത്തിൽവസിക്കും
പന്നഗദ്ധ്വജമഹീശനെനോക്കി
ഛന്നചാരിയൊരുചാരനണഞ്ഞു-
ച്ഛിന്നഭക്തിയൊടുകൂപ്പിയുരച്ചു, 6

"രാജരാജസമ! രഞ്ജിതശോഭാ-
രാജദുത്തമയശശ്ഛവിയാലെ
ഭോ! ജഗൽപ്രഥിത! പാരുവെളുപ്പി-
ച്ചോജസാഢ്യവിഭവാൻവിലസുന്നു. 7

കല്പഭൂമിരുഹകല്പ! ഭവാൻതൻ
കല്പനങ്ങളനുസരിച്ചടിയങ്ങൾ
സർപ്പകേതന!സമസ്തധരിത്രീ-
സർപ്പണംപണിപെടാതെനടത്തി. 8

കൌരവാംബുധിസുധാകര!ധാത്രീ-
കൈരവത്തിലുരുകീർത്തിനിലാവാൽ
പാരമുൾത്തെളിവുചേൎന്നുലസിക്കും
വീര! നിൻമഹിമയെങ്ങുമഭംഗം 9

താവകംമഹിതമാമപദാനം
ഭാവതെല്ലുമിവരോതുകയില്ല
കേവലംശുകഖനാദികൾകൂടി
ബ് ഭ്രവലാന്തക!പുകൾത്തിവരുന്നു. 10

വിശ്വമാനവസമൂഹവുമപ്പോൾ
വിശ്വവിശ്രുതഭഗവൽഗുണജാലം
വിശ്വസിച്ചുവിവരിപ്പതുകൊണ്ടീ-
വിശ്വമൊക്കെയൊരുപോലെമുഴങ്ങി 11

അത്രയല്പബലശാലിഭവാനോ-
ടത്രാല്പഭതവിട്ടജനങ്ങൾ
അത്രപം പുരധനാദിവെടിഞ്ഞി-
ട്ടൽത്രസിച്ചടവിയിൽ കുടിപാർപ്പായ് 12

ഉർവരാവര! ഭവൽഭുജവീര്യം
സർവരാലുമഭിനന്ദിതമത്രെ
പർവരാജസമ! ഭീതിയൊട്ടും നിർ-
ഗർവരായ്ഖലകുലങ്ങൾകലുങ്ങി. 13

വീരഷഡ്ഭ്രധസഹായമെഴും നിൻ-
പേരമിത്രമദമർദ്ദനമന്ത്രം
സ്വൈരമേതനുമാശ്രിതരക്ഷാ-
ഭാരമാൎന്നൊരുഭവാനുവിധേയൻ, 14

മന്നവേശ ഭവദാജ്ഞയെയോർത്തീ-
മന്നശേഷമടിയങ്ങൾ നടന്നു
ഉന്നതംതവയശസ്സുശുഭ്രത്ത
ഛന്നശോഭയൊട്ടുമെങ്ങുമുദിപ്പൂ 15

കേട്ടയന്നു; ബലശാലിഭവാന്മാ-
രോട്ടമത്സരികൾ പാണ്ഡുസുതന്മാർ
നാട്ടുവിട്ടുനളിനാക്ഷിയൊടൊപ്പം
കാട്ടുകേറിയതുമാരറിയാതെത്താൻ. 16

ദേവനായകർപിതാക്കൾ, സുഹൃത്താ
ശ്രീവരൻസ്വയമതിപ്രബലന്മാർ
ഭൂവലാർദ്ദന! ഭവൽപ്രതിഘലത്താൽ
ഹാവലിച്ചിലവരാന്നലയുന്നു. 17

പ്രേതനാഥതനയാദികളിപ്പോൾ
ദ്വൈതകാനനത്തിലശങ്കം
പ്രീതരായിമരുവുന്നധരാട്ട
ദ്വാതമൌലിവിലസന്മണിമുത്തേ, 18

പോരിനുള്ളവഴികാട്ടിലിരുന്നും
പേരിയന്നവർനിനച്ചുവരുന്നു
പാരിനീശ! പുരുവിക്രമിയാംനിൻ
പേരിലുള്ളഭയമുൾക്കടമത്രേ. 19

വീര്യവാരിനിധിയർജ്ജുനനിപ്പോ-
ളാര്യശാസനയിലീശപദാബ്ജം
സ്ഥൈര്യവായ്പൊടുഭജിച്ചുവരുന്നു-
ണ്ടാര്യശീല! തുഹിനാചലഭൂവിൽ. 20

ശർവ്വദേവനൊടു പാശുപതാസ്ത്രം
ശർവ്വരീകുലഹരീ! ലഭിപ്പാൻ
സർവ്വദാഫലദമാം തപമുഗ്രം
സവ്യസാചിനിറവേററിവരുന്നു 21

ദർപ്പകാരിവരമേറുവിശേഷാൽ
ദർപ്പശാലിവിജയൻജയകാംക്ഷി
സർപ്പകേതന! രണത്തിനടുത്താൽ
സ്വല്പമല്ലലവിടേക്കുമുദിക്കും 22

അഷ്ടമൂർത്തിഭജനത്തിനെഴും ത-
ന്നിഷ്ടയോനിയതനിഷ്ഠൂരമെന്നായ്
വിഷ്ടപാധിപ! വിഭോ ! പരമാർത്ഥം
ധൃഷ്ടരാമിവർതിരക്കിയറിഞ്ഞു. 23

പാർത്ഥലേശര! പൃഥാതനയൻതൻ
വാർത്തകൾതിരുമുമ്പിലുണർത്തി
ചീർത്തമുത്തൊടിനിവേണ്ടതശേഷം
പാർത്തറിഞ്ഞയി! നടത്തുക "ധീമൻ!" 24

ഈവിധം ചതുരനാകിയ ചാരൻ
ഭൂവിനീശനൊടുരച്ചുതിരിച്ചു
ഭീവികരരഭരമാന്നടനപ്പോ-
ളാവിദഗ്ദ്ധസഭയൊന്നുനടുങ്ങി. 24

അത്രകിം പ്രതിവിധാനമിതെന്നായ്
വിത്രസിച്ചുമരുവും നൃപനോടായ്
മിത്രഭാവമൊടടുത്തുവസിക്കും
മിത്രസൂനുചിലതിങ്ങനെ ചൊല്ലി. 26

'സ്വാന്തമാളിവനമിത്രകുലത്തി-
ന്നന്തമേകുവതിനേകുവിദഗ്ദ്ധൻ
സന്തതംതവഹിതത്തിനുനില്ലേ
ചിന്തയെന്തിനയി!പന്നഗകേതോ? 27

പോരുചെയ്യരിയപാർത്ഥരെവെൽവാൻ
പോരുമെൻ കരകനിഷ്ഠികമാത്രം
പാരുടച്ചുപുനരൊന്നുചമപ്പാൻ
പേരുകേട്ടവനിവൻമതിയാകും 28

കണ്ണനാകുമിവനോട്ടരണത്തിൽ
കണ്ണനിഷ്ടനയിഫൽഗുനനേററാൽ
വർണ്ണനീയഗുണ! തൽപിതൃനാടാം
വിണ്ണണഞ്ഞുടനവൻവിഹരിക്കും 29

കാലപൃഷ്ഠകട്ടകാർമ്മാകമോടി-
ക്കാലമാജിപട്ടഞ്ഞാനടർചെയ്യാൽ
കാലനുംകുലഹരഭൂമിയിൽനിന്നും
കാലകററിയഴലേററുതിരിക്കും. 30

പാകവൈരിതനയൻറമദത്തേ-
പാകമാക്കുവതിനായ്മതിയീഞ്ഞാൻ
നാകവാസികളുമെന്നൊടെതിർപ്പാ-
നാകയില്ലപുനരെന്തുപരന്മാർ. 31

ഭീമബാഹുബലശാലിഭവാനും
ഭീമസേനനുമട്ടത്തടർ ചെയ്യാൽ
ഹേമഹീശ! തടിയൻപൊടിയാകും
ഹേമശൈലസമമോഷികതാദ്രി 32

കണ്ടകാകനികൾകാട്ടിൽനടന്നാ–
കണ്ഠമാകവെയശിച്ചുതടിച്ചോൻ
കണ്ടകശ്ശനിവൃകോദരനോ ചൊ–
ല്ലൊണ്ടവിക്രമിഭവാനോട്ടെതിർപ്പാൻ 33

മദ്രകന്യയിലുദിച്ചസുതന്മാ–
രുദ്രസത്തോട്ടമെതിക്കിലുടൻ ഞാൻ
ഭദ്രമിന്നയിഭവാനെവരുത്തി
ബ്ഭദ്രമിട്ടിട്ടുമവക്കുമതക്കം. 34

ധർമ്മസൂനുവിനുനാട്ടിലിരിപ്പാൻ
കർമ്മമില്ലവനമേഗതിമേലും
നിർമ്മദംതപമവൻതുടരട്ടേ–
ധർമ്മമിങ്ങുമയി ചിന്തകൾപോട്ടെ. 35

ഭൂതിമാൻപട്ടസുയോധനനോടായ്
ഭീതിവിട്ടിവനിവണ്ണമുരച്ചു
നീതിയോട്ടവിദുരൻമൃദുവായി–
പ്രാതികൂല്യനിലയിൽപ്രവദിച്ചു. 36

"കർണ്ണദുർമ്മൊഴിസുയോധന! യുഷ്മൽ–
കർണ്ണതൃപ്തികരമെങ്കിലുമിപ്പോൾ
നിർണ്ണയം കരുണപാമ്പരഗംഭീ–
രാർണ്ണവത്തിനു ഫലടോതഭവനത്രെ. 37

പഞ്ചപാണ്ഡവശിഖിപ്രകരംതാ
ദപഞ്ചനേന്ധനവിവർദ്ധിതമായി
തഞ്ചമററകുരുവംശവനത്തിൽ
സഞ്ചയംസപദി ചുട്ടുപൊടിക്കും. 38

ധർമ്മമററകിതവപ്പണിയാലേ
ധർമ്മജാദ്യരലയുന്നുവനത്തിൽ
ദുർമ്മദംതടവിട്ടസഭവാനും
ശർമ്മമററുപലതെററുമുദിക്കും; 39

പല്ലവാംഗിഃസതിപാർഷിതിവൻകാ-
ടല്ലലോട്ടമണയുന്നതുമേതും
നല്ലതല്ലനൃപതേ! കൃപതേട്ട-
ന്നില്ലയോ പരമതുംഹിതമെന്നോ. 40

അച്ഛനുള്ള സഹജൻെറ സുതന്മാ-
രച്ഛകീർത്തികൾവനത്തിൽവസിച്ചാൽ
സ്വച്ഛമായശശിവംശവുമേററം
തുച്ഛമാകുമതുനീയറിയുന്നോ, 41

ശ്രേഷ്ഠഭൂഭരവിചക്ഷണനാകും
ജ്യേഷ്ഠനൊത്തയിതവാവരജന്മാർ
കാഷ്ഠകണ്ടകകുലങ്ങളിൽവാണാൽ
പ്രേഷ്ഠഭാവമിവിടേക്കുളവാമോ 42

ധർമ്മശീലരളവററുപുകഴ്ത്തും
നർമ്മനന്ദനനമന്ദഗുണാഢ്യൻ
ധർമ്മദാരയുതനാത്തികലന്നാൽ
ദുർമ്മതോദ്ധത! നിനക്കതുനന്നോ? 43

സത്യസംഗരരുദാരബലന്മാ-
രത്യമർഷമൊട്ടപാർത്ഥരെതിർത്താൽ
കൃത്യമൂഢരിഹകർണ്ണമുഖന്മാർ
സത്യമാജിമദമപ്പൊളകററും. 44

പാർത്ഥരോട്ടുപട്ടവെട്ടിയെതിർപ്പാൻ
പാർത്തലത്തിലൊരുവീരനെയും ഞാൻ
പാർത്തതില്ലകലഹത്തിനുകണ്ണാ
പാർത്ഥവാക്കുകൾഫലപ്പെട്ടുകില്ല, 45

വീര പാർത്ഥഭുജ ഗങ്ങൾവമിക്കും
ഘോരരോഷവിഷദാവഹുതാശൻ
സൈരമിക്കരുകുലാടവിപാടേ-
ചാരമാക്കുമതിനില്ലവിതർക്കം. 46

മാരിപോലെശരപാളികൾതൂകി-
പ്പാരിലൊക്കെവിളികൊണ്ടൊരുപാർത്ഥൻ
പോരിനായ് പരുഷമോട്ടുമണഞ്ഞാൽ
സൌരിമുഖ്യരുടെമുഷ്കുശമിക്കും. 47

കാട്ടിലമ്പലികളെക്കളവേററം
കാട്ടിനിങ്ങൾനിരസിച്ചതുപാർത്താൽ
പാട്ടിലുള്ളൊരസിയെസ്വശിരസ്സിൻ
ചോട്ടിൽവച്ചുടനുറങ്ങുകതന്നെ. 48

ദ്യൂതകൈതവകലാകുശലത്വാ
സ്ഫീതമാകിലുമഹോസമരത്തിൽ
ഭീതരായ്സപദിനിങ്ങളടങ്ങും
പൂതശീലരിൽമടക്കമുദിക്കാ. 49

സവ്യസാചിനിജസേവയിൽവാമാ-
സവ്യമൂർത്തിയെവശത്തിൽവരുത്തി
ദിവ്യപാശുപതമാംമഹിതാസ്ത്രം
ഭവ്യവാരിധിരസത്തൊടുവാങ്ങും. 50

ഈശനോട്ടവരമാശുവരിച്ചുൾ—
ക്ലേശമററുവിജയൻജയശീലൻ
കാശകീർത്തിസമരത്തിനണഞ്ഞാൽ
കൌശലത്തിൽവിജയംവരുമെന്നോ? 51

കുന്തിതൻസുതയരോട്ടവിരോധം
പന്തിയല്ലനൃപതേ! നിരൂപിച്ചാൽ
എന്തിനിങ്ങനെഹൃദന്തമഹോ ദു—
ശ്ചിന്തിതാർത്തിഹതമാക്കുവതിപ്പോൾ? 52

വൈകിടാതെപട്ടപാണ്ഡുസുതന്മാർ—
ക്കേകിയർദ്ധമഹിയുദ്ധതബുദ്ധേ
ലൌകികത്തൊടിഹവാഴ്കഭവാനെ—
ന്നാകിലേശുഭമഭംഗമുദിക്കൂ 53

ഇത്തരംവിധുരവാങ്മയമാധ്വീ—
സത്തശിച്ചരിയഭീഷ്മമുഖന്മാർ—
ചിത്തസമ്മദമിയന്നു, തദാദുർ—
വൃത്തനാം നൃപതിയൊന്നുവിയർത്തു. 54

ഹാസമോട്ടമഥ ചാടിയുടൻ ദു—
ശ്ശാസനൻസഭയിലൊന്നുചവുട്ടി
ശ്വാസവേഗവിവൃതാക്ഷരമബ്ഭ്ര—
വാസവാഗ്രിമനോടേവമുരച്ചു. 55

“എന്തബദ്ധമിവരോട്ടവൃഥാസം—
ബന്ധഭാഷണമിവൻതുടരുന്നു?
ഹന്ത! ഹന്ത! കുരുഭൂവരരെല്ലാ—
മന്ധരെന്നുവിദുരൻകരുതുന്നോ? 56

പോരുചെയ്യുമരിപാൎത്ഥനിവണ്ണം
ഗീരുകേട്ടിവരടങ്ങണമെന്നോ?
പൌരുഷംചെറുതുചേൎന്നവരോടി-
ബ്ഭീരുഭീഷണിയിണങ്ങുകയില്ല. 57

ധാടിവിട്ടഗതികെട്ടതപസ്സായ്
കൂടിട്ടുംകുമതിപാൎത്ഥനിലിത്ഥം
പേടിയിക്കുരുകുലാധിപരാൎന്നാൽ
കേടിതില്ലരമുദിപ്പതിനുണ്ടോ? 58

പൂജ്യരല്ലരികൾപാൎത്ഥരവൎക്കായ്
രാജ്യമൎദ്ധമിവർ നൽകയുമില്ല
പ്രാജ്യകീൎത്തിനൃപനഗ്രജനഗ്ര്യൻ
ത്യാജ്യദുൎമ്മൊഴികൾകേൾപ്പതുമോശം. 59

കോട്ടമററരികളെസ്തുതിചെയ്തി-
ക്കൂട്ടരേ ബഹുദൂഷിപ്പതിനിപ്പോൾ
നീട്ടയച്ചിവനെയാരുവിളിച്ചോ?
പോട്ടെകാട്ടിലിവനും ഹിതമെങ്കിൽ. 60

അംഗ! ഭോ! നൃവര! പാൎത്ഥരൊടിപ്പോൾ
സംഗരത്തിനുപുറപ്പെട്ടുകല്ലേ?
മങ്ങലെന്തിനു? ഭുജോഗ്രബലത്താൽ
മംഗലം ഭുവി ഭവാനുഭവിക്കും. 61

ഇത്തരം കുസൃതിമൂത്തസഗൎഭ്യൻ
മത്തനാംനൃപനെനോക്കിയുരച്ചു,
മുക്തശങ്കമുടനേസമരംതാൻ
യുക്തമെന്നുരവിസൂനുവുമോതി. 62

സൂത്രശാലിമമരാതുലനിന്നീ-
മാത്രയിൽസ്വഹിതമോതണമെന്നായ്
നേത്രസംജ്ഞയിലറിഞ്ഞുനൃപേഷ്ടം
ധൂർത്തനശ്ശകുനിമൌനമകററി, 63

"ചൂതിൽവച്ചരികൾപാർത്ഥർമടങ്ങി-
ബ്ഭൂതിവിട്ടുശപഥംനിറവേററാൻ
ഭീതിയററുവനമാർന്നമരുമ്പോൾ
നീതിയല്ലസമരംതവരാജൻ. 64

സ്ഥാനഹീനർവനവാസികളാമ-
ദ്ദീനരോട്ടുസമരത്തിനണഞ്ഞാൽ
മാനശാലിഭവദുത്തമകീർത്തി-
ന്യൂനമായിവരുമെന്നറിയേണം, 65

പാർത്ഥരിൽപ്രഥിതവിക്രമിപാർത്ഥൻ
മാത്രമാണൊരുവനിന്നഭിശങ്ക്യൻ
ധൂർത്തനാമവനുമാപതിസേവാ-
പാത്രമാകിലതുദുർഗ്ഘടമേററം. 66

വല്ലപാട്ടുമവനേക്കൊലചെയ്താ-
ലല്ലൽതീർന്നുഭയമെന്തിനുപിന്നെ?
നല്ലപോലെയതിനിന്നൊരുപായം
ചൊല്ലിടാം നൃവര! ഞാനതുചെയ്യാം, 67

സ്വസ്ഥനായ് തപമിയന്നൊരുവാന-
പ്രസ്ഥനേസ്വയമണഞ്ഞുവധിച്ചാൽ
അസ്തുശങ്കമയി! കീർത്തികലാവാ
നസ്തമിക്കുമതുമോർക്കണമല്ലോ. 68

പന്നിതൻെറ വടിവായ്‌വിപിനത്തിൽ-
ചെന്നിരുന്നതരമമ്പൊട്ടനോക്കി
മുന്നിലെത്തിയവനേക്കൊലചെയ്താൽ
നന്നിതിൽ കുറവുമിങ്ങുവരില്ല, 69

പോകണം പരമതിന്നിഹമയോ-
പാകഭേദമറിയും പട്ടവീരൻ
മൂകനാമസുരനായകനായാ-
ലാകവേകുശലമെന്നുമുരസ്സാം?" 70

കിമപികലഹശീലൻകൈതവക്കാതലാമ-
ക്കുമതിശകുനിയിത്ഥംശങ്കവിട്ടോതിട്ടമ്പോൾ
സ്വാമതിയിലിതുനന്നെന്നോർത്തുപോയ് കൌരവേന്ദ്രൻ
ക്രമരഹിതവചസ്സേദുഷ്ടരിൽശ്രേഷ്ഠമാവൂ. 71

അക്കാര്യംതന്നെനന്നെന്നഖിലരുമൊരുമി-
ച്ചന്നുതീർച്ചപ്പെട്ടത്തി-
ദ്ധിക്കാരംപൂണ്ടദുര്യോധനനൃപവൃഷഭൻ
മൂകനേത്തൽക്ഷണത്തിൽ
സൽക്കാരംചെയ്തുപാർത്ഥാഹതികരുതിയയ-
ച്ചീടിനാൻകാട്ടിലേക്കായ്
ഹൃൽക്കാമം സാധുസാധിപ്പതിനുസുധികളും
കൈതിവത്തേശ്രയിക്കും,

ആഞ്ചാംസർഗ്ഗം സമാപ്തം.

# ആറാംസർഗ്ഗം

കാട്ടാന, പോത്തു, കടുവാ, കിടി, ശാന്തഭാവം-
കാട്ടാത്തഘോരഭുജഗങ്ങളുമൊത്ത കാട്ടിൽ
കാട്ടാളവീരവടിവായ നിടിലാക്ഷദേവൻ
കൂട്ടാളിമാരുമൊരുമിച്ചു കടന്നുകൂടി. 1

ലീലാകിരാതവരഭീഷണവേഷമാന്ന-
ക്കാലാരികാടഖിലമൊപ്പമടിച്ചിളക്കി
കൈലാസവാസിനിഖിലപ്രമഥൌഘവുംതൽ-
ക്കാലാനുരൂപമതിതുഷ്ടിയിൽ വേട്ടയാടി. 2

ഘോരാടവീതടമിടിച്ചുപൊളിക്കുമുൽക്ക-
ഷ്ടാരാവമമ്പഭടർവിട്ടും പട്ടസിംഹനാദം
മാരാരിതൻെറ ചെറുഞാണൊലിയെന്നിതെല്ലാ-
മാരാൽക്കലൻജഗദണ്ഡവുമൊന്നിളക്കി. 3

ഘോരംയുഗാന്തമതിൽവേണ്ടിവരുംജഗൽസം-
ഹാരംഹരൻപരിചയിപ്പതിനെന്നപോലെ
വീരൻകിരാതവടിവായ് മൃഗയാചരലത്താൽ
പാരംചൊടിച്ചവനജീവികുലംമുടിച്ചു. 4

പഞ്ചാസ്യവൈരിപരനിൽപരമാത്മനാമ-
മഞ്ചാതെചേരുവതിലോറവുമീർഷ്യകൊണ്ടോ
വൻചാപവിച്യുതശരപ്രകരങ്ങളാല-
പ്പഞ്ചാസ്യരിൽസപദിപഞ്ചതചേർത്തിതപ്പോൾ. 5

മുന്നംമതംഗജകുലോത്തമമൂൎത്തിയായ്ത്താ-
നെന്നെങ്കിലുംകരുണഹൃത്തിലിയന്നിടാതെ
അന്നംഗജാരികരിപുംഗവമസ്തകങ്ങൾ
ഭിന്നങ്ങളാക്കി വിശിഖങ്ങൾവിശിഷ്യതൂകി. 6

ഹേമാദ്രിചാപനപശങ്കമരണ്യജീവി-
സ്തോമാഭിഘാതവിഹൃതിക്കുതുനിഞ്ഞനേരം
സാമാന്യമല്ലയമരാട്ടിനെഴുംസദസ്സിൽ
സാമാജികൎക്കുകലഹംസ്ഥലഹാനിമൂലം, 7

മുമ്പിൽപതിക്കിലവൎതൻതലതച്ചുടക്കും
വമ്പിച്ചചെമ്പുലികൾപാഞ്ഞുവരുന്നനേരം
തുമ്പിക്കരങ്ങളെമടക്കിയിടിച്ചിടുന്ന
കുംഭിപ്രവീരരവിടെപ്പ്രണദിച്ചുച്ചം. 8

ഘോരാരവത്തൊടുമടിച്ചവരും മഹേഭ-
വീരാഗ്ര്യനോടപരഹസ്തികയത്തെതിൎത്തു
ധാരാളമസ്സമരസംഭ്രമസംഭൃതാസൃ-
ഗ്ധാരാംബുതൻമദജലത്തിനുശാന്തിനൽകി. 9

ദീപിച്ചചെങ്കനലുപോലരുണാക്ഷിഋക്ഷം
ദ്വീപിപ്രവീരനപസാദ്ധ്വസമൊന്നുരുട്ടി
കോപിഷ്ഠനായ്വിപിനസീമനികാൺകിലാരും
വേപിക്കുമാറധികമുദ്ധതനായ്ചരിച്ചു. 10

ചാടിക്കുതിച്ചുവിടപങ്ങളിലങ്ങുമിങ്ങും
പേടിച്ചിടാതെപലമക്കടമുഷ്കരന്മാർ
കാടിന്നകത്തധികമുഷ്കൊടണഞ്ഞുവേട്ട
യാടിക്കളിപ്പവരിലും വിരുതൊട്ടുകാട്ടി. 11

ചെന്നായ്ക്കളുൽക്കടമദംഹരിണവ്രജത്തെ
ചെന്നാക്രമിച്ചുടൽപിടിച്ചുകടിച്ചുകീറി
നന്നായ്കട്ടുംനിണമണിഞ്ഞുനൃസിംഹരൂപ-
മന്നാൾക്കുമോർമ്മവരുമാറവരുല്ലസിച്ചു. 12

ഹുങ്കാരവായ്പൊടുവിഷാണവിഘട്ടനത്താൽ
വൻകാട്ടുപോത്തുവിടപിപ്രകരത്തെവീഴ്ത്തി
ലങ്കാപുരോപവനഭഞ്ജനമാഞ്ജനേയൻ
ശങ്കാവിഹീനമഥചെയ്തതുചൊല്ലിയാടി. 13

പാലാഴിതൻമഥനവേളയിലുത്ഭവിച്ച-
ഹാലാഹലത്തിനുടെതീക്ഷ്ണതയേപ്പുറുക്കാൻ
ലീലാകിരാതനുടെവേട്ടയിലുദ്വമിച്ച
കാലാനലോഗ്രഗരളങ്ങളഹീശ്വരന്മാർ 14

"ഏകാഹിതൻവിഷമശിച്ചതുകൊണ്ടുതൃപ്തി-
യാകാതെപോകിലസമാക്ഷനുവേണ്ടുവോളം
ഏകാം" ഭുജംഗപരിഷത്തുകളിത്ഥമോർത്തു
ശോകാവഹംഗരളമാളിവമിച്ചിതപ്പോൾ 15

വാതാധികത്വരയൊടൊത്തുഭയന്നുപായും
വാതായുപാളികളിൽനോട്ടമുറച്ചിടാതെ
ജാതാദരംപെരിയചാപമെടുത്തു വട-
രാതാമ്രദൃഷ്ടികൾവൃഥൈവമിഴിച്ചുനിന്നാർ. 16

തൻപാടവംതടവകന്നുവെളിക്കുകാട്ടി-
വൻപാളമുഗ്രതയൊടഗ്രഗരേത്തുരത്തി
അമ്പാ! മദിച്ചവരുമുന്നതകുഞ്ജരത്തെ-
യമ്പാൽതടുക്കുമൊരുവേടർവിരണ്ടുപോയി, 17

തട്ടിത്തടഞ്ഞിടയിലത്തരുപാളിയേബ്ഭ്ര-
തട്ടിൽത്തരത്തൊട്ടമറിച്ചുമരച്ചുവട്ടിൽ
ക്കെട്ടിക്കിടപ്പുവരെയന്തകനുള്ളനാല്യ-
കെട്ടിൽക്കടത്തുമിഭരാട്ടുകൾ ധൃഷ്ടരല്ലോ. 18

ശൂലംതറച്ചുടൽപൊളിഞ്ഞൊരുശൂരനാംശാ-
ർദ്ദൂലംഭടക്കിടയിൽവീണുവിടാതെവീണ്ടും
നാലംഘ്രിയുംനഖമുഖങ്ങളുമിട്ടടിച്ചാൻ
ശീലംനിജംമൃതിവരെസ്സുമിരിസ്സുമാക്കും. 19

വില്ലുംകുലച്ചു ചിലവീരർവലിച്ചുമൌർവി-
യെല്ലുംനുറുക്കിവിട്ടമുൽക്കടശസ്ത്രസംഘം
പല്ലുംകടിച്ചുപരമാഞ്ഞുവിടുന്നതേററു-
ചെല്ലുന്നജീവിതതിയാൽയമനുംകുഴങ്ങി. 20

വെട്ടുന്നപോത്തിനെയടുത്തൊരുവീരനീക്ഷി-
ച്ചിട്ടുംകുലുക്കമിയലാതെകഠാരിയാലെ
തട്ടുംതലസ്സപരികുത്തിയിറക്കിയൊച്ച-
പ്പെട്ടുള്ളകാലമഹിഷത്തിനുകൂട്ടിനാക്കി. 21

വായുംപൊളിച്ചുവിരുതോട്ടഭടക്കുനേരെ-
പായുംതരക്ഷുവരനുള്ളൊരുവക്ത്രരന്ധ്രം
ആയുഃപ്രണാശകരമാംശരപാളിവെപ്പാ-
നായുള്ളതൂണിവിധമാശുഗപൂർണ്ണമായി. 22

നായാടിവീരർവനജീവികൾതൻെറമാർഗ്ഗ-
മായാസലേശമിയലാതെശരങ്ങളാലെ
വ്യായാമശീലർ വലുതായൊരു വേലികെട്ടി-
പ്പേയാന്നിടുന്നകുണപങ്ങളുമങ്ങുകൂട്ടി. 23

തത്വംനിനസ്സിലഖിലേശ്വരലീലദുഷ്ട
സത്വങ്ങൾതൻപ്രശമനത്തിനുവേണ്ടിയല്ലോ
ക്രത്വഗ്ര്യഭോജികൾതഥാവിധമന്നുവേദ-
സത്വസ്വരൂപനുടെ കേളികൾ കണ്ടുവാഴ്ത്തി, 24

കാലാരികൂട്ടരൊട്ടമൊത്തു കിരാതനായ്ത്തൽ-
ക്കാലാനുരൂപമൃഗയാവിഹൃതിച്ഛലത്താൽ
ചേലാർന്നഭക്തിയൊടുജിഷ്ണുഭജിച്ചുവാഴും
ശൈലാടവീനികടഭൂവിലണഞ്ഞുമന്ദം. 25

അക്കാലമുൽക്കടകിടിത്തടിയന്റെവേഷ-
മക്കാലപാശവശനാകിയ മൂകദൈത്യൻ
ധിക്കാരവായ്പൊട്ടമെട്ടത്തുകിരീടിവാഴ-
മക്കാട്ടിലുദ്ധതനശങ്കമഹങ്കരിച്ചു. 26

പോത്രീശ്വരന്റെവടിവായ് ദനുജാരിമുന്നം
ധാത്രീതലോദ്ധരണരക്ഷനടത്തിയെന്നായ്
ഓർത്തീശവൈരിദനുജൻകിടിരൂപിയായ്ത്ത-
ധാത്രീവിദാരണമുടൻസ്ഫുടമാചരിച്ചു, 27

ഏററംതടിച്ച തനുവാണ്ടകറുത്തപന്നി-
ക്കൂററൻകടന്നടവിയിൽകലഹിച്ചെതിർക്കെ
കാററത്തുപാറുമതിശുഷ്കതൃണങ്ങൾപോലെ
തോററമ്പരന്നപരജീവികൾ പാഞ്ഞുപോയി. 28

മത്തൻമതിച്ചരിയതേററകൾകൊണ്ടു കുത്തി
മൂത്തണ്ടപോലെതരുപാളിയുരന്നുവീഴ്ത്തി
അത്തവ്വിലന്യവനജീവിമൃഗവ്രജത്തി-
ന്നുൾത്തട്ടമഗ്ഗഹനവും സമമുച്ചലിച്ചു. 29

അംഭോധിമദ്ധ്യതലമാദിവരാഹമൂത്തി-
യമ്പോടിറങ്ങിവിഹരിച്ചു ചരിച്ചപോലെ
അം ഭാധരോ ııതനുദാരവനോദരത്തിൽ
വൻപോത്രിയാസ്സലഹകൌതുകികൂത്തടിച്ചു. 30

"ലീലാകിരാതതനുപൂണ്ടിഹവേട്ടയാട്ടം
കാലാരിദേവനൊടെതിർപ്പതിനായ് മൃഗത്വം
ഈയലാക്കിലാന്നിടണ്മെന്നുനിനച്ചപോലെ-
ക്കോലാധിപാകൃതികലന്നിതുമൂകനന്നാൾ 31

വൃട്ടത്തിലെത്തിട്ടമരണ്യമൃഗത്തെയെല്ലാം
കോട്ടംവെടിഞ്ഞരിയഹുംകൃതികൊണ്ടകററി
വാട്ടംപെടാത്തപട്ടവാക്കിടിശങ്കരൻെറ
വേട്ടയ്ക്കുതാനുമൊരുധൃഷ്ടതകൂട്ടിവച്ചു. 32

നായാടിവേഷമൊട്ടഭൂതഗണങ്ങൾവേട്ട-
യ്ക്കായാസമെന്നിയെ മുതിർന്നു നടന്നകാട്ടിൽ
ഭീയാന്നിടാതെനിജനാശമട്ടത്തിരിക്കാ
മായാവരാഹമതിസാഹ.പി പാഞ്ഞണഞ്ഞു. 33

പാതഥാഹതിക്കകരുതിപ്പഥ ം ഓയനാമ-
ദ്ധൂത്താഗ്രഗൻകമതിസത്വരമെത്തിട്ടമ്പോൾ
ആത്താവ്നൈകനിരതൻഹരനപ്പിനാക-
മാത്താനുകമ്പനതിരോഷമൊടൊന്നിളക്കി. 34

ആവിഗ്നരായ് മൃഗഗണങ്ങൾമഹോഗ്രരൂപം-
മാവിഷ്കരിച്ചടനട്ടത്തൊരുപോത്രിതന്നിൽ
ആവില്ലരാപ്രമഥവര്യരുമിന്നെതിർപ്പാ-
നാവില്ലയെന്നുസഭയംപതറിത്തുടങ്ങി. 35

കുത്തിത്തകൎത്തുവിപിനത്തെമറിച്ചിളക്കി-
ഹൃത്തിൽകവിഞ്ഞമദമോട്ടമഹാവരാഹം
അത്തിഗ്മഭാനുസുതനാഞ്ഞുപിടിച്ചുതള്ളി-
യെത്തിച്ചിട്ടംപടികിരീടിസമീപമാന്നു. 36

അമ്മാത്രയിൽ ത്രിജഗതീതരുകന്ദമാകും
ചിന്മാത്രനാംമദനമാഥിയെയിന്ദ്രപുത്രൻ
തന്മാനസത്തിൽനിലനിൎത്തിനിമീലിതാക്ഷൻ
നിൎമ്മായമുച്ചലനമെന്നിയെനിന്നിരുന്നു, 37

“നന്നാണ്ണതക്കമിവനേതപരിതംവധിക്കാ-
മെന്നാഞ്ഞുപായുമൊരുദൃപ്തതമൂത്തദൈത്യൻ
ഒന്നാമതായ് ചെവിയിലാൎത്തുവിധംശിവജ്യാ-
സന്നാദമപ്പോഴതിലത്ഭുതമായ് ശ്രവിച്ചു, 38

എട്ടാശകൾക്കുമൊരുപോലെമുഴക്കമേൽക്കും
മട്ടാശുമാന്ധ്രവപുസ്സുകരിച്ചുവീരൻ
തട്ടാന്നിട്ടംവിശിഖമൊന്നുദൃഢംവലിച്ചു
വിട്ടാനുകിടിപ്രവരനിൽ പട്ടവേടമൂൎത്തി, 39

സത്രാശസേവ്യനുടഞാണൊലികേട്ടുഞെട്ടി-
സ്സുത്രാമനന്ദനനുമക്ഷിതുറന്നനേരം
അത്രാന്തരേസപദിസമ്മുഖമാഞ്ഞെത്തിക്കു
മത്രാസനാംപെരിയപന്നിയെയൊന്നുകണ്ടു. 40

ആപത്തിതെൻവ്രതവിഭംഗമണച്ചുവെന്നായ്
കോപം കലൎന്നുകുരുകഞ്ജരനക്ഷണത്തിൽ
ചാപംകുലച്ചരികുലാൎത്തിദമാംശരത്തെ-
കാപട്യശാലികിടിമൂൎത്തിയിൽവച്ചുതാങ്ങി. 41

മല്ലാസ്ത്രവൈരിയുടെസായകമോട്ടചേന്നു
വില്ലാളിവീരമണിപാൎത്ഥനയച്ചോരമ്പും
ചൊല്ലാളുമുല്ക്കടതരോല്ക്കകൾപോലെയൊപ്പം
വല്ലാത്തൊരത്തടിയനാം കിടിയിൽപ്പതിച്ചു. 42

മെത്തുന്നവേഗമൊട്ടരണ്ടുവശത്തുനിന്നു-
മെത്തുന്നഘോരവിശിഖങ്ങൾ തറച്ചുമൂലം
ഉത്തുംഗശൈലവിപുലാകൃതിപോത്രിതൈഷ്ണ്യ-
മൊത്തുള്ളകണ്ണുകൾതുറിച്ചുപതിച്ചുഭൂവിൽ. 43

കല്പാന്തകാലപവനോച്ചലിതാഭ്രനാദ-
കല്പാരവത്തോട്ടകുലാദ്രികളുംകുലുക്കി
അപ്പാവിതത്രതരുപാളികൾ തള്ളിവീഴ്ത്തി-
യപ്പാട്ടവീണവിശിഖദ്വയഭിന്നകായൻ, 44

ആകാരമോശിഖരി തുല്യമനങ്ങിടാനു-
മാകാതെയന്നചലസാദൃശിസാൎത്ഥമായി
മൂകാസുരൻസപതിമൂകതയുംഗമിച്ചു
പാകാരിശാത്രവതമാത്രമകന്നിതപ്പോൾ, 54

താനെയ്ത പന്നിയിലുടൻശരമൊന്നുകൂടി-
ത്താനേതറച്ചതധികാൽഭുതമോട്ടനോക്കി
സ്ഥാനേധനുസ്സൊട്ടധനഞ്ജയനിട്ടമ്പോ-
ളാനേക്കൈതവകിരാതനുമപ്പോളെത്തി, 46

സ്ഥൂലാഞ്ജനാദ്രിയുടെശിഷ്യതപൂണ്ടകായം
സാലാനുകാരിഭുജദണ്ഡമഖണ്ഡസാരം
ബാലാൎക്കഭാസ്സുടയകേശഭരങ്ങൾ, കാച-
മാലാകലാപമിവയൊത്തൊരുരൂപമുഗ്രം. 47

ധാരാളമാഹതമൃഗവ്രജരക്തമീക്ഷി-
ച്ചാരാൽതദീയനിറമൊന്നു പകന്നപോലെ
ഘോരാരംഭമാംനയനമത് കടശോണമായി-
ധാരാധരോന്നതനിലനുലസിച്ചിരുന്നു. 48

വമ്പുള്ളനീണ്ടൊരുകരങ്ങളിൽ നല്ലവില്ലു-
മമ്പുംധരിച്ചചൊടിപൂണ്ടുകിരാതരാജൻ
സമ്പുഷ്ടമായ നിജസൈന്യമടിച്ചുകേറും
മുമ്പുഗ്രവിക്രമിധനഞ്ജയപാർശ്വമെത്തി, 49

അവ്യാധനാഥനൊടുചേരന്നൊരുവേടനാരി-
സവ്യാംഗമെന്നതുകണക്കു ഗമിച്ചിരുന്നു
അവ്യാഹതേശ്വരതപൂണ്ടിടുമത്രിലോകീ
ഭവ്യാർത്ഥദായികളുമത്തരമൊത്തുചേർന്നു. 50

സർവാർത്ഥദാനസുരഭൂരുഹവല്ലിയാകും
ശർവാണിയൊത്തുകരുണാവരുണാധിവാസൻ
നിർവാണദായികതുകാൽകുഹനാകിരാതൻ
നിർവാദമെത്തിയഥപാർത്ഥനോടിത്ഥമോതി. 51

“കാചാമണിപ്രകരമോടിടചേർന്നപോലെ
വാചംയമാദിമുനികൾക്കിടയിൽകടപ്പും
നീചഞ്ചലത്വമിയലാതെകടന്നിവണ്ണം
നീചപ്രവൃത്തിതുടരുന്നതു നീതിയാമോ? 52

കാട്ടാളരാജനിവനിൽബഹുമാനമേതും
കാട്ടാതെമച്ഛരവിദാരിതനാംമൃഗത്തിൽ
കൂട്ടാക്കിടാതെശരമെയ്യതിനാലവൻെറ
കൂട്ടായിനീയുമണയും ശമനാലയത്തിൽ. 53

മുട്ടാളനാകിയൊരുനിൻവ്രതനിഷ്ഠയെന്നും
മുട്ടാതെ ജീവിവധമിങ്ങനെചെയ്കയെന്നോ
ദുഷ്ടാശയ! സ്വയമിതിൻഫലമന്തകൻെറ
കൊട്ടാരമാൎന്നിനിനിനക്കുമുടൻഭുജിക്കാം, 54

പന്നിക്കിയന്നിട്ടമിറച്ചിഭുജിച്ചിടാനാ–
ണിന്നിച്ചരയെങ്കിലതുവേണ്ടതുഞ്ഞങ്ങൾനൽകാം
മുന്നിട്ടപാഞ്ഞിട്ടമരണ്യമൃഗത്തെയേവം
കൊന്നിട്ടിടേണ്ടകുഹനാം മുനിവേഷനാം നീ. 55

ഹാ! കണ്ടകാകനികളിൽ കൊതിവിട്ടകഷ്ട–
മാകണ്ഠമാമപിശിതത്തെയശിപ്പതിന്നോ
ആകണ്ടകദ്രുമവൃതാടവിയാൻറ ജീവി–
ലോകംകുവൃത്ത! കൊലചെയ്വതുനീനിരുദ്ധം, 56

ഹാഹന്ത! ജന്തുനിധനത്തിനുഹൃത്തിലേറെ
മോഹംതഴക്കുമൊരുനിഷ്ഠരദുഷ്ഠബുദ്ധേ!
സ്നേഹംതരിമ്പുമിയലാതെസമസ്തതത്വ–
ദേഹംതകർപ്പതിനുതാൻ തവതാപസത്വം. 57

നിയ്യാതുനിർഘൃണ! കിരാതവരിഷ്ഠരാകു–
മിയ്യാളുകൾക്കിടയിൽനിന്നിഹ നിന്ദ്യകൎമ്മം
ചെയ്യാനുമെന്തിനുതുനിഞ്ഞിതുനമ്മൊടേററു
കയ്യാങ്കളിക്കുമതിയിൽ കൊതിയെങ്കിലാട്ടേ. 58

ദുഷ്ടൻവില്ലാളമുനിപോലിഹകണ്ണടച്ചു
ദ്ദിഷ്ടംലഭിപ്പതിനുതാപസമോടികൂട്ടി
കഷ്ടംതരത്തിനപരാഹതിചെയ്തിട്ടംനിൻ–
ചട്ടം വിശിഷ്ടമിതുചെമ്പുതെളിഞ്ഞുപോയി. 59

അത്യാഹിതംതവഭവിച്ചതു ജീവിതത്തി-
ലത്യാശയെങ്കിലുടനെ കുലവല്ലുമന്യം
നിത്യാവലംബമിവനെന്നുനിനച്ചതാനേ-
നത്യാനമദചദനനായ് മമകാഴ്ചവസ്തു. 60

ചാകാൻതുടങ്ങുമൊരുപന്നിയെലക്ഷ്യമാക്കി-
നീകാര്യമായ് വിശിഖമെയ്തതുതെററുതന്നേ
ശോകാന്തമേകുമൊരുമല്പദതാർവണങ്ങി-
ല്ലോകാംഭയംമതി, യിതിൽതവമാപ്പുനൽകാം.

സർവാല്പജീവിവനജന്തുവിഹിംസചെയ്തു-
ഗർവാഭിവേശമിയലും ഖലവൃത്തിയാം നീ
ദുർവാശിപൂണ്ടസമരത്തിനുനമ്മൊടേററാൽ
സപർവാരഭാമിനിയൊരുത്തികൃതാർത്ഥയാകും. 62

ഏവംകടുത്തമൊഴികൈതവവേടനാമ-
ദ്ദേവൻപിനാകിപകപൂണ്ടുപറഞ്ഞനേരം
ഭാവംപകന്നുവിജയൻനിജവില്ലുപോലാ-
ഭ്രൂവല്ലിയും കടുരുഷാപരുഷംവളച്ചു. 63

പാഞ്ചാലിതൻപുളകിതാംഗവുമപ്പൃഥുശ്രീ
പൂഞ്ചായലും തടവുമച്ചോടിപൂണ്ടകൈകൾ
വാഞ്ഛരാനുകൂലമടർചെയ്‌വതിനായ്തുടങ്ങു
പാഞ്ചാസ്യവീര്യനിധിപാർത്ഥനുരച്ചുധീരം. 64

'ബുദ്ധിഭ്രമത്തോടുകടന്നിഹവന്നുനന്നായ്
ക്രുദ്ധിച്ചപാമ്പിനുടെപല്ലുകളെണ്ണിടനായ്
വർദ്ധിച്ചമോഹമൊടുനീശഠ! ജീവനാശ
സിദ്ധിക്കുമന്തതനിയേ തുനിയുന്നുവല്ലോ. 65

കത്തിജ്വലിക്കുമൊരുപാവകനോടെതിർപ്പാ-
നെത്തിപ്പതിപ്പൊരുപതംഗകുലത്തൊടൊപ്പം
ഹൃത്തിൽത്തിളപ്പൊട്ടുശരാസനപാണിയായി
വർത്തിക്കുമെന്നോടിഹനീയടരാട്ടമെന്നോ. 66

കള്ളുംകുടിച്ചുകലഹിച്ചുവനത്തിലോരോ-
ഭള്ളുംപറഞ്ഞുവിചരിപ്പൊരുനിന്റെ ഹൃത്തിൽ
തള്ളുംമദസ്ഥിതിമദമുഗ്രശരങ്ങൾരണ്ടു-
കൊള്ളുമ്പൊളുദ്ധതമതേ! മതിയാക്കിടുംനീ. 67

ആരെന്നു നീയിവനെയോർത്തിതു ഭവേടമൂഢ!
നേരെന്തറിഞ്ഞു, ചപലക്കുവിവേകമുണ്ടോ?
പാരെങ്ങുമേപുകൾപെരുത്തൊരുഫൽഗുനന്റെ
പേരെത്തിടാത്തചെവിചേതനയററതത്രേ. 68

നിർമ്മായമേതുജനതക്കുമുദാരമോദ-
നിർമ്മാണകർമ്മചണനായ് സുഗുണാഢ്യനായി
ധർമ്മാതിതല്പരനനല്പയശസ്വിയാമ-
ദ്ധർമ്മാത്മജൻ സുധിമദഗ്രജനായിടുന്നു. 69

ഭീമാനവാസുരസുരോരഗരാക്ഷസർക്കും
ഭീമാജിയിൽസ്വയമണച്ചിടുമുഗ്രവീര്യൻ
ഭീമാഖ്യപൂണ്ടൊരുമദഗ്രജനേക്കുറിച്ചും
ഭീമാംഗനാകിയനിനക്കറിവില്ലയെന്നോ? 70

സത്രാശനാധിപതിമുഖ്യരെയുംബലത്താൽ
സത്രാസരാക്കിയുടനേഹുതഭുക്കിനായി
സത്രാരസത്തൊടുരുഖാണ്ഡവമേകിയോര-
സ്സൽത്രാണകാരിയിവനോവിജയൻജയാഢ്യൻ. 71

ദ്രോണാഖ്യദേശികപദാശ്രയിശത്രുലോക-
പ്രാണാന്തകാരിപൃഥക്കൾപൂണ്ടൊരുപാർത്ഥനീ ഞാൻ
ബാണാസനത്തൊട്ടുവസിക്കവെവന്നെതിക്കാ-
നാണായിട്ടന്നൊരുവനിദ്ധരതന്നില്ലുണ്ടോ? 72

കൂട്ടാളിയാം ദയിതയൊത്തുകിഴങ്ങുമാന്തി-
ക്കൂട്ടാൻഫലപ്പെട്ടുമൊരിത്തടിവില്ലുമേന്തി
കാട്ടാളമൂഢ!മൃതിയിൽകൊതിമൂലമോഭീ-
കാട്ടാതെനില്പതിഹമദ്യബലത്തിനാലോ? 73

സന്താപഹാരിവിജയിപ്പു ഹിമാദ്രിഭൂവാം
സന്താനവല്ലിപടരുംശ്രിതകല്പശാഖി
ചെന്താരിനൊത്തൊരുതദീശപദത്തെയീഞാൻ
ചിന്താവകാശമിയലാതെഭജിച്ചിട്ടന്നു, 74

മാനിച്ചുമന്മഥവിമാഥിപദദ്വയത്തെ
ധ്യാനിക്കുമെൻനിയമമക്കിടിഭഗ്നമാക്കി
ആനിഷ്ഠനീക്കിയൊരവൻഹതനായപോലെ
ഹാ! നീഷ്ഠുരപ്രകൃതിനീയുമുടൻനശിക്കും 75

മൃതിക്കായ് വന്നീട്ടും മൃഗയുഹതക! ക്ഷിപ്രമടരി
ന്നെതിക്കാംവൈകുന്നൂമമഗിരിശസേവയ്ക്കുസമയം
മതിക്കീറുംനീറും നിടിലമിഴിയും പൂണ്ടഗിരീശൻ
മതിക്കേറുംശല്യംസകുലവുമകററട്ടെസദയം. 76

ആറാംസർഗ്ഗം സമാപ്തം.

# ഏഴാംസർഗ്ഗം

സുരനായകസൂനുസാഭിമാന-
സ്വരമേവം സ്വയമുച്ചരിച്ചനേരം
സുരസിന്ധുവിനും വലത്തുഭാഗം
ചിരമന്നാരദനും ചലിച്ചിതുച്ചം, 1

ഭുജവിക്രമശാലിയാഞ്ജനേയ-
ധ്വജനക്ഖാണ്ഡവമഗ്നിസൽക്കരിച്ചോൻ
വിജയൻവിവരിച്ചവാക്കുകേട്ടാ-
ഗ്ഗജചർമ്മാംബരനും ചിരിച്ചുരച്ചാൻ. 2

"മതിയേതുമെഴാതെയപ്പിശാചാം-
മതിചൂടുന്നവനേബ്ഭജിച്ചിടുന്നോൻ
മതിവംശജനാംകിരീടിയോ നീ?
മതി, ചൊല്ലേണ്ട ധരിച്ചുകാര്യമെല്ലാം, 3

കരതീക്ഷ്ണതയേതുമററദോഷാ-
കരനാകുന്നകളങ്കിതൻെറവംശം
കരൾകൊണ്ടുനിനക്കുപോലുമശ്രീ-
കരമെന്നാരറിയാതെയുള്ളുപാരിൽ? 4

കുലജാതികൾനന്നു; മുക്കുവൻതൻ-
കുലമാർന്നുള്ളൊരുകന്യയിൽജനിച്ചോൻ
ഛലതാപസനൊത്തുനഷ്ടഭർത്ത്റീ-
നീലയാളുംവധുകേളിചെയ്തുപോലും. 5

പറയുന്നതുതന്നെപാപമിന്ന-
പ്പുറമാവേളയിലുത്ഭവിച്ചവിദ്വാൻ
കുറവെന്നിയെവേട്ടമങ്കയിൽതൽ-
പ്പിറവിക്കുള്ള ചരിത്രമോവിചിത്രം. 6

സതീനിൻജനയിത്രികന്ന്യകാതപ-
സ്ഥിതിയിൽത്തന്നെപരോപഭോഗകർമ്മം
ധൃതിയോടുനടത്തിവന്നതാമ-
പ്പതിവെക്കാലവുമാചരിച്ചുപോന്നു, 7

KOTTAYAM PUBLIC LIBR KOTTAYAM

തുളയൻതവതാതനാന്നിരിക്കു-
ന്നളവിൽതാനവളന്യരോടുകൂടി
വിളയാടിരമിക്കവേതെരിക്കെ-
ന്നുളവായുള്ളവർനിങ്ങൾധർമ്മജാദ്യർ.

തവവംശവിശുദ്ധിയോർത്തുവാഴ്ത്താ-
നിവനാവില്ല, വിശേഷമൊന്നുചൊല്ലാം
ഭവനത്തെവെടിഞ്ഞുകാട്ടിലെന്നും
തിവസിപ്പുന്നുദക്ഷതസ്സുലക്ഷ്യം 9

നയശാലികൾനിങ്ങളഞ്ചുപേരും
നിയതൈക്യസ്ഥിതിയേതിലുംകലന്നോർ
സ്വയമാശമുഴുത്തൊരുത്തിയെത്താൻ
പ്രിയയാക്കിപ്രണയത്തിൽവാണിടുന്നു. 10

നിലവിട്ടൊരുനിങ്ങൾസോദരന്മാർ-
പലരൊന്നിച്ചൊരുനാരിയേപ്പുലർത്തി
നിലയറ്റുവസിച്ചിടുന്നതിന്നീ-
മലവേടക്കുമിണങ്ങിടാത്തതത്രേ. 11

വരഗാത്രികൾനാട്ടിലില്ലയെന്നോ?
സ്മരകേളിക്കൊരുനാരിപോരുമെന്നോ?
പരമെന്തുനിനച്ചുനിങ്ങൾമോശ-
ത്തരമായ്ശപാക്കൾകണക്കുവാണിടുന്നു, 12

വലയേണ്ടവൃഥാകിരാതയോഷിൽ–
ക്കലമിക്കാനനഭൂവിലുണ്ടസംഖ്യം
ചിലവില്ലകനിഞ്ഞപേക്ഷചെയ്താൽ–
ചിലരേക്കൂടിനിനക്കുനൽകീടാംഞാൻ, 13

അതുപോട്ടെ, ഭവൽഭുജപ്രതാപ–
പ്പുതുമയുള്ളൊരുവൃത്തമോർത്തിടുമ്പോൾ
അതുലസ്മിതമാർന്നിടുന്നു, ചൊല്ലാ–
മതുമല്പംപറയേണ്ടിവന്നുവല്ലോ. 14

അധിഭൂതലമാര്യവീര്യവാരാ–
ന്നിധിദുര്യോധനനുന്നതപ്രതാപൻ
അധികംവിജയിച്ചിടുന്നു, യുഷ്മ–
ദവധിയോകാട്ടിലലച്ചിലിന്നുമല്ലോ, 15

ധൃതരാഷ്ട്രജരാട്ടധൃഷ്ടഭാവാ–
ദ്ധതരാംനിങ്ങളെനാട്ടിൽനിന്നുദൂരം
ധൃതമോദമടിച്ചകററിയിട്ടും
ബത! മാനത്തിനുമാററമില്ലയെന്നോ? 16

ഗുരുഭീഷ്മകൃപാദിയോഗ്യർവാഴും
പെരുതായുള്ള സദസ്സിൽവച്ചുതന്നെ
വിരുതാർന്നൊരുനിങ്ങൾവേട്ടതാമ–
ത്തരുണിക്കെന്തയിശേഷമോതണോഞാൻ? 17

നെറികെട്ടനിനക്കുമാനമെന്തെ–
ന്നറിയാമോസദ്വധൂകചാംശുകങ്ങൾ
തെറിപൂണ്ടപരൻവലിച്ചിഴച്ചി–
ട്ടെറിയുംവേളയിൽമൌനമോമഹത്വം. 18

അരിപീഡനമേററുനാട്ടിലെങ്ങും
തിരിയാനുംതരമററകുട്ടർനിങ്ങൾ
പരിതഃകഠിനാടവീതടത്തിൽ
പ്പരിതാപത്തൊടലഞ്ഞുവാഴ്കയല്ലേ? 19

പലകാട്ടുകിഴങ്ങശിച്ചുജീവി-
ച്ചലയുംനിങ്ങളിലില്ലനാണമേതും.
വിലയററിനിയുംവിദഗ്ദ്ധനെന്നാ-
യ്വിലപിക്കുന്നൊരു നീ വിചാരശൂന്യൻ. 20

ഭുവനത്തിലലഞ്ഞുഭിക്ഷവാങ്ങി-
പ്പവനാംകുന്നിലിരിക്കുമുഗ്രമൂർത്തി
സ്വവശംവദനായ്ഭവിപ്പതിന്നോ
തവസങ്കല്പമഹൊ! മഹാവിശേഷം. 21

തുണിപോലുമെടാതെശുദ്ധതെണ്ടി
പ്പുണികൊണ്ടിട്ടുപജീവനംകഴിപ്പോൻ
ഫണികുണ്ഡലനാംമഹാപിശാചിൻ
പ്രണിപാതംപതനത്തിനേഭവിക്കൂ. 22

അപശങ്കമിരന്നശിച്ചിട്ടുന്നോ-
നപരക്കെങ്ങിനെവാഞ്ഛിതത്തെനൽകും?
അപഥത്തിലഹോ തൊട്ടുന്നതെല്ലാം
നിപതിക്കുന്നതുനിൻെറ കർമ്മദോഷം. 23

മൃതുക്കുററനിലേറിട്ടുന്നശുദ്ധ-
ക്രതുവിദ്ധ്വാസിയെനീഭജിച്ചിടേണ്ട
ഇതുമാതിരിനമ്മെയാശ്രയിച്ചാ-
ലതുപോരുംതവകാമമേകിടാം ഞാൻ 24

സ്ഫുടമിത്തരമുഗ്രസംഗരോദ്യൽ
പ്പടഹദ്ധ്വാനമൊടൊത്തഘോരവാക്യം
ദൃഢവിക്രമികേട്ടു പാർത്ഥനത്യൽ-
ക്കടരോഷത്തൊടു ഗാണ്ഡീവത്തെ നോക്കി. 25

പുകൾപൂണ്ടൊരു തൻകുലത്തെയും തൻ
സകലാധീശ്വരനാം സ്മരാരിയേയും
പകയോടു ദുഷിച്ചവാക്കിനന്തം
സ്വകചാപധ്വനിയാൻ കിരീടി ചേർത്തു. 26

കലഹത്തിനൊരുങ്ങിവന്നതാമി-
ക്ഖലനിൽ സാന്ത്വവചസ്സുഭംഗിയല്ല
ബലമേ ഫലദായിയെന്നുരസ്സും
നിലയിൽച്ചാപമണിസ്വനം മുഴങ്ങി. 27

സ്മരമാധിലസൽപദാംബുജത്തെ
സ്മരണം ചെയ്തുവസിക്കുമക്കിരീടി
സ്വരണൽഗുണകാർമ്മുകാഖ്യവീണാ-
സ്വരമേല്പിച്ചു, സുരർഷിതുഷ്ടിവാച്ചു. 28

അനവാപ്സരമക്ഷമാലയിൽ താ-
നനുരഞ്ജിച്ചിട്ടു മംഗുലീവ്രജത്താൽ
മനുജാധിപനാത്മമൗലിയിൽതൻ
മനുചൊല്ലിപ്പതുപോലെ ചേർത്തു നാദം, 29

നിജഹൃത്തുസദാസുമേഷുഹൃത്തിൻ
ഭജനത്തിൽ ദൃഢരക്തമെന്നപോലെ
വിജയൻ മിഴികൂടി രക്തമാക്കി
ബ്ഭുജവീര്യോദ്ധതനപ്പൊഴുജ്ജ്വലിച്ചു. 30

39460

ഇരുകൈകളുമസ്ത്രസമ്പ്രയോഗ
പ്പൊരുളൊപ്പംസ്വയമഭ്യസിക്കമൂലം
വിരുതൻശരകാർമ്മുകങ്ങളിൽത്തേൽ
പെരുമാററത്തിനുചെററുതാൻപരുങ്ങി, 31

ശശിമൌലിപദംഭജിച്ചുവാഴും
വശിയാംപാർത്ഥനുവാശികൂട്ടുവാനോ
വിശിഖാസനമൌർവികണ്ണുഭാഗം
നിശിതാഗ്രേഷുസനാഥയായ്ഗമിച്ചു. 32

മഹനീയതപസ്സുമാഖ്യധാത്രീ-
രുഹമോടൊത്തു കുലച്ചുപാർത്ഥചാപം
ഹഹ! തൽഗ്ഗുണമോമഹേശസേവാ-
മഹമോളുംപടിയാശ്രുതിക്കിണങ്ങി. 33

പട്ടുഞാണൊലികൊണ്ടുദിക്കിനെങ്ങും
പെട്ടമുൾക്കമ്പമൊതുക്കിവെപ്പതിന്നോ
കട്ടകോപമൊടംഘ്രിയൊന്നുഭട്ട-
ന്നട്ടമാണിക്കമവൻബലത്തിലൂന്നി. 34

ഗഹനാന്തരമൊക്കെയുംകുലുക്കി
ഗ്ഗുഹനാലുംബഹുമാനിതപ്രഭാവൻ
കുഹനാപട്ടവേടനിൽജ്ജ്വലത്തോ-
ടഹനാലഞ്ചുശരങ്ങളാഞ്ഞുവിട്ടു, 35

ദനുജാശരമർത്ത്യശോണിതത്താ-
ലനുരഞ്ജിച്ചതിലുണ്ടുമസ്സുരൌഘം
മനുജേശവിമുക്തമീശ്വരൻതൻ
തനുരക്തസ്പൃഹയോടുചെന്നുകേറി 36

39460

പരമാഞ്ജുവലിച്ചുവിട്ടതാമ-
പ്പരമാസ്ത്രങ്ങൾ പരാത്തിദായകങ്ങൾ
പുരമാഥിപവിത്രമൂർത്തിതന്നിൽ
സ്ഥിരമാപുംഖമശങ്കമായ് പതിച്ചു. 37

കരുണാനിധികാളകണ്ഠനേതും
കരുതീടാത്തൊരുതൈക്ഷ്ണ്യമോട്ടുകൂടി
കുരുനാഥശരങ്ങളേററനേരം
ഗുരുമോദാത്ഭുതസംഭ്രമങ്ങളാർന്നു. 38

വിജയന്റെദ്ധൃതിപ്രഭാവവായ്പും
ഭുജവീര്യസ്ഥിതിയും നിനച്ചനൂനം
ഗജചർമ്മമുടുക്കുവോൻ വിശേഷാൽ
നിജഹൃത്തിൽ ബഹുമാനമന്നിയന്നു. 39

ധ്രുവമെൻമഹിതാസ്ത്രമേറുവാങ്ങാ-
നിവനർഹൻ ഭുവനത്തിലെന്നുനന്നായ്
ശിവനോർത്തുതെളിഞ്ഞുതൽപ്രഹാരോ-
ത്ഭവതാപത്തിലുമിത്ഥമുത്തമത്വം. 40

അനിവാര്യബലാഭിമാനമിന്നി-
മുനിയിൽ കാൺമതുതെല്ലുടക്കുവാനായ്
ഇനിയൊന്നടർചെയ്യതന്നെയെന്നുൾ-
ക്കനിവാളുംശശിമൌലിതീർച്ചയാക്കി. 41

മഖഭുക്ക് പ്രഭുസേവ്യനാക്കിരാതീ-
മുഖമീക്ഷിച്ചുസഹാസമാഹവാർത്ഥം
സ്വഖരാഗ്രശരങ്ങളാനഭസ്സൽ-
നഖതീക്ഷ്ണങ്ങൾകൊടുത്തു കാർമ്മുകത്തിൽ. 42

കുരുതിസ്സരിപ്പാകാട്ടുദേവതസ്സാ-
ക്കരുരാട്ടിൻനിണവും പ്രധാനമെന്നായ്
കരുതിക്കളിയെന്നുരച്ചുരോഷാൽ
കരുണാമൂർത്തിയുമസ്ത്രപാളിതൂകി. 43

കുരുവീരനുമാക്കിരാതരാട്ടം
ഗുരുകോപത്തൊടുഘോരസമ്പ്രഹാരം
ഒരുപോലെതുടങ്ങിയെങ്ങുമപ്പോൾ
പുരുചാപധ്വനിയാൽ സ്ഫുടംനടുങ്ങി. 44

വലഭിൽസുതമൊത്തുസർപ്പരാട്ടാം
വലയംപൂണ്ടവനാജ്ഞചെയ്തിട്ടമ്പോൾ
വലയാനിടചേന്നിതാത്രിലോകീ
വലയംകൂടിവിറച്ചുഭീതിമൂലം 45

പടഹദ്ധ്വനിപോലിഷുക്കൾതമ്മിൽ
പ്പടയിൽ തീക്ഷ്ണമണഞ്ഞുതട്ടിമുട്ടി
പടരുംനിനദംവനാന്തജന്തു
ഛടയിൽചേത്തിതുസംഭ്രമപ്രകമ്പം. 46

പരമാശരപാളിമേളനത്താൽ
സ്ഫുരദഗ്നിപ്രബലസ്ഫുലിംഗജാലം,
തരളദ്യുതിഭീതിയോട്ടുതാരാ-
നിരവീഴുംപടിയുജ്ജ്വലിച്ചിതപ്പോൾ. 47

സ്വമനസ്സിലതീവകൌതുകത്താൽ
സമനസ്സുംഘമുടൻവിമാനമേറി
സമഭാവമകന്നഘോരമാംതൽ-
സ്സമരംകാണ്മതിനംബരത്തിലെത്തി. 48

പ്രഥപൂണ്ടമഹേശപാൎത്ഥർചെയ്യും
പ്രധനംഘോരമഭൂതപൂർവമെന്നായ്
കഥകേട്ടണയും സുരപ്രജത്താ
ലഥവാനിൽ സ്ഥലമന്നുനാസ്തിയായി. 49

അമരർഷിസഹർഷമന്നുമുമ്പേ-
സമതംപോലുചിതം സ്ഥലംപിടിച്ചു
അമരുന്നവർ പിന്നിലെത്തുവോരാ-
മമരന്മാരൊട്ടമല്ലിടേണ്ടതാക്കായ്, 50

സുരസിദ്ധസമിദ്ധഘർഷണോദ്യൽ
സ്വരമെങ്ങുംഗഗനത്തിലന്നുപൊങ്ങി
പരമന്നുമുതൽക്കുപുഷ്കരത്തിൽ
സ്ഥിരമായ് ശബ്ദഗുണത്വമുൽഭവിച്ചു. 51

വൃഷവാനരകേതുനായകാശീ-
വിഷവൎഗ്ഗങ്ങൾനിസർഗ്ഗഭീഷണങ്ങൾ
വിഷതീക്ഷ്ണമുഖത്തൊടാന്നുലോകം
വിഷമിക്കുംപടിമൂടിയർക്കബിംബം. 52

അനവദ്യപിനാകഗാണ്ഡിവോദ്യൽ-
ഘനചാപോച്ചലിതശ്ശരോല്ക്കരത്താൽ
വനപാംസുഖിയത്തിലുംതഥാ ദു-
ർദ്ദിനഘോരാന്ധതപാരിലുംപരന്നു. 53

ശരകൂടവിനിർമ്മിതോരുശാലാ-
ന്തരമാന്നുള്ള കിരാതഫൽഗുനന്മാർ
തരസാവിപുലാജിചെയ്‌വതൊന്നും
സുരസാർത്ഥത്തിനുകണ്ടിടാതെയായി. 54

സുരവൈണികരാത്മവീണയിൽ തൽ-
ക്കരസംവർദ്ധിതസാധകാഭിമാനം
ഹരപാർത്ഥശരാസനങ്ങളിൽസ-
ത്വരപാണിക്രിയകണ്ടുസന്ത്യജിച്ചു 55

പുകളാന്നപിനാകവും പൃഥുശ്രീ-
തികയും ഗാണ്ഡിവവും ഗുരുസ്വനത്തിൽ
മികവാന്നശിതാഗ്രസായകാഗ്ര്യ-
പ്രകരംവക്രതയോട്ടു തൂകിതാനേ. 56

കരുവീരനുമക്കിരാതരാട്ടും
ഗുരുഗാംഭീര്യമഥാജിചെയ്തിടുമ്പോൾ
തരുശൈലകുലങ്ങളുംകുലുങ്ങീ-
പുരുപാഥോനിധിപൂർവ്വം കലങ്ങി, 57

ധരണീഭരമേറ്റു താങ്ങു വാരാ-
മുരധാധീശ്വരകുമ്മദിഗ്ഗജങ്ങൾ
തരസാകട്ടതത്സമീകധാത്രീ-
ധുരമേൽക്കുന്നതിനേററവും കുഴങ്ങീ. 58

പടയാളികളിൽ പട്ടത്വമേറും
സ്ഫുടവീര്യോദ്ധതനാം കിരീടിയപ്പോൾ
തടവെന്നിയെയക്കിരാതരാട്ടു-
ന്നുടലെല്ലാം ശരധാരകൊണ്ടുമൂടി. 59

നനബില്വദളങ്ങൾകൊണ്ടുനിത്യം
ശിവലിംഗോപരിമൂടപ്പെടും വിധത്തിൽ
പവമാനസുതാനുജൻഭവാനീ-
ധവദേഹത്തെമറച്ചു മാർഗ്ഗണത്താൽ. 60

കനകാചലകാർമ്മുകത്തിൽമുന്നം
വനമാല്യഗ്രശരംതൊട്ടത്തവീരൻ
ഘനരോഷമൊട്ടല്ലൂടാജിവീരാ-
ർജ്ജുനബാണൌഘമറുത്തുതുള്ളിവീഴ്ത്തി, 61

കുരുകുഞ്ജരമാർഗ്ഗണങ്ങളെല്ലാം
ഒരുപോലംബുരുഹാശുഗപ്രമാഥി
വിരുതോട്ടമുറിച്ചുകുന്നിനൊപ്പം
പൊരുതീട്ടംക്ഷിതിതന്നിലന്നുകൂട്ടി. 62

പലമാർഗ്ഗണപാളിയുംരണത്തിൽ
ഫലമാകാതെപതിച്ചിട്ടന്നനേരം
വലമാഥിസുതൻധൃതപ്രകോപം
ബലമായ് ദിവ്യമഹാസ്ത്രപാളിതൂകി. 63

വരുണാനിലപാവകാദികാസ്ത്രം
വിരുതോടതുതമന്ത്രശക്തിസാരം
പുരുഷാഗ്രണിഫൽഗുനൻപ്രയോഗി-
ച്ചുരുസംഭ്രാന്തിജഗത്തിലന്നുചേർത്തു, 64

പ്രശിശാസ്ത്രഗണങ്ങൾകൊണ്ടു ഭാസ്വൽ-
പ്രതിമംശക്രസുതോൽക്കടാസ്ത്രസംഘം
പ്രതിഘത്തോട്ടസംഹരിച്ചുലോക-
സ്ഥിതിസംഹാരകൻകിരാതമൂർത്തി, 65

സുരപാളികണക്കതന്മഹാസ്ത്രം
സുമബാണാരിതട്ടുനിഷ്പ്രയാസം
സമരോദ്ധതനാം ധനഞ്ജയൻതൽ-
സമയം സംഭൃതസംഭ്രമം ചൊടിച്ചു. 66

ഗുണഹീനനരാതിയോടെതിർപ്പാൻ
ഗുണവൽഗാണ്ഡിവമല്ലവേണ്ടതെന്നായ്
ഗണനീയപരാക്രമൻനിനച്ചു-
ക്ഷണമശ്ശിഞ്ജിനിവില്ലിൽ നിന്നകററി. 67

പുരുഗാണ്ഡിവദണ്ഡമുഗ്രസാരം
കുരുരാജാഗ്രണിതൻകരത്തിലേന്തി
വിരുതൊട്ടു ചുഴററിയാഞ്ഞടിച്ചാൻ
ഗുരുരോഷംശശിമൌലിതൻശിരസ്സിൽ. 68

കപടാകൃതിവേടരാട്ടിലൊട്ടും
കൃപകൂടാതെതടിച്ചഗാണ്ഡിവത്താൽ
നൃപവീരനടുത്തടിച്ചിടുമ്പോ-
ളുപരിസ്ഥാമരർകൂടിയാടൽതേടി. 69

ശിവമൌലിയിൽവാണിടുന്നസർപ്പ-
പ്രവരക്കുള്ളഫണാഗ്രരത്നജാലം
നവസമ്പ്രഹൃതിസ്രുതാസ്രദംഭാ-
ദവശംതാഴെയനേകധാപതിച്ചു, 70

പരമർജ്ജുനകാർമ്മുകപ്രഹാരം
പുരവിദ്വേഷിശിരസ്സിലേററുപിന്നെ-
തരസാതനുപാതിയററുപിന്നെ-
സ്ഫുരദർദ്ധേന്ദുജടാവിഭൂഷയായി 71

ഭുജഗങ്ങൾസുരസ്രവന്തിരാജൽ-
ദ്വിജരാട്ടിൻകലയെന്നിവക്കുതുല്യാ
വിജയപ്രഹരത്തിലേററപാട-
ഗ്ഗജചർമ്മാംബരമൌലിഭൂഷയായി. 72

ജടിലോഗ്രകപർദ്ദമാന്നിടംസാപ-
സ്തടിനിക്കുംതടവററഗാണ്ഡിവത്താൽ
അടികൊണ്ടുതളർച്ചപററിയേററം
നിടിലാക്ഷാപരിവാസമല്ലലീന്നയേ്. 73

,, കണിനന്നിതുകാമുകിക്കുകള്ള-
പ്പണികാട്ടുന്നതിനിപ്രഹാരമർഹം
ഫണിഭൂഷണഭാമിനിക്കുമുക്താ-
മണിഭാസ്സപസ്പൃദ്ധഹാസമിത്ഥമുണ്ടായ്, 74

സുരനിമ്നഗഹൽഗ്ഗനപ്രഹാരം
പരമേററററമശന്ധയാസ്സുഴങ്ങി
തരസാബലിയോട്ടകേളിയുദ്ധം
തരമല്ലെന്നു പിനാകിയുംനിനച്ചു, 75

പ്ളവഗമഹിതകേതുക്രൂരഗാണ്ഡീവചാപ
പ്രവരമഥശിരസ്സിൽതട്ടിക്ഷതാഢ്യൻ
ഭുവനവലയമൂലാധാരമാംഗോത്രപുത്രീ-
ധവനധികാമമർഷോവേശമന്നാളിയന്നാൻ. 76

കല്പാന്തോഗ്രഘനാഘനാഘനസ്ഥകുത്സൂർത്ഥ
സിംഹാരവം ചെയ്തുടൻ
മുപ്പാരും പൊടിയാക്കിടാൻ പട്ടതയാ-
ന്നുള്ളോരുതൻമുഷ്ടിയാൽ
അപ്പാർത്ഥൻശിരസ്സിലസ്സുകരുണം
കോപ്പുമത്തിട്ടടിത്തൊട്ടു
കെല്പാകെത്തുലഞ്ഞവൈധ്യവിദ്യകലാ-
ഭൂതത്തിനടിച്ചിടിനാൻ, 77

ക്രൂരം, സംഹാരരുദ്രോല്ക്കടതരദൃഢമു-
ഷ്ടിപ്രഹാരത്തെയേററ-
ന്നേരം സംചൂർണ്ണിതാംഗൻ സുഭൃശവിവശനായ്
ഹന്തകൌന്തേയനപ്പോൾ
സൈ്വരം ക്ഷോണീസമാംലിഗനരസമസമം
പൂണ്ടു ചക്ഷുസ്സടഞ്ഞാൻ
വീരന്മാർക്കാർയ്യവൈരിപ്രഭവമിഹപരാ-
ഭൂതിയും ഖ്യാതിഹേതു. 78

ഏഴാംസർഗ്ഗം സമാപ്തം.

---

# എട്ടാം സർഗ്ഗം

വീരന്മാർക്കണിമണിയാം മഹേന്ദ്രപുത്രൻ
ഘോരംതൽപ്രമഥപതിപ്രഹാരമേററാൻ
ദൂരത്തിൽബ്ഭുവി നിപതിക്കിലും സമൂർച്ഛാ-
ഭാരത്താലപഗതമായ് നിയുദ്ധഖേദം, 1

ആർത്താർത്തിപ്രശമനകാരിഫാലചക്ഷു-
സ്സാർത്താസ്ത്രൻ ചൊടിയൊട്ടുമുഷ്ടിതാഡനത്താൽ
പാർത്ഥാംഗം ശകലിതമാക്കിവിട്ടതപ്പോൾ
പാർത്താരാൽ ഗിരിവരപുത്രി സംഭ്രമിച്ചു. 2

പാരത്തിൽ ചെറുതുമകം പെടാതെ ബാധം
ഹാ പക്ഷത്തിൽ ദ്വികമെന്നു പൂണ്ടു ചെറ്റുവേറിൽ
ആപത്തിങ്കൽ കണ്ണുനീർകളഞ്ഞു മേനിവച്ചു-
ലാപന്നാർത്ത്യതജ്ജഗത്തിലസ്ഥിരങ്ങൾ, 3

സന്ദർഭംദയിതനുതെററിയുദ്ധഭൂവിൽ
കന്ദർപ്പഭ്രമമിവനിൽജ്ജനിച്ചുപോയയോ?
വൻദർപ്പത്തൊടുപൊടിയാക്കുമജ്ജുനാംഗം
സന്ദർശിപ്പവരിതിനേപ്പുഴിക്കുമല്ലോ, 4

ഏവം ഹൃൽക്കനിവുകലർന്നുവേടനാരീ–
ഭാവത്തോടമരുമഗേന്ദ്രപുത്രിയപ്പോൾ
വൈവശ്യത്തൊടുകരുണാതരംഗിതാക്ഷം
കൈവല്യപ്രദനുടെവക്ത്റമൊന്നുനോക്കി. 5

പാർത്തട്ടിൽസുരപതിസൂനുമൂർച്ഛയോടും
പാർത്ഥല്ലംപ്രകൃതികലർന്നുപിന്നെമെല്ലെ
വാർത്തപംചെറുതുമെഴാതെശോകബാഷ്പം
വാർത്തക്ഷിദ്വയമുദയൽഭ്രമംമിഴിച്ചു, 6

മാരാരിപ്രഹൃതിഭവപ്രപീഡയേക്കാൾ
പേരാളുംവിജയനുതൽപരാജയോത്ഥം
പോരായ്മസ്ഥിതികരുതിസ്വചിത്തഭൂവിൽ
ധാരാളംവ്യസനഭരംസ്ഥലംപിടിച്ചു. 7

പാഞ്ചാലീപരിണയവേളയിൽബ്ബലത്താൽ
പാഞ്ചാസ്യപ്രകൃതിപുരാവരാരിസംഘം
താൻചാരെസ്ഫുടമടരിൽജ്ജയിച്ചവീരൻ
നെഞ്ചാളുംകദനമൊടിത്ഥമോർത്തുപാർത്ഥൻ. 8

ഹാഹാ! മേ ഹത വിധിബന്ധമെന്തിതയ്യോ!
മോഹാന്ധൻസ്വയമിവനന്തകാരിപാദം
സ്സ്നേഹാന്തഃസ്ഥിരതയൊടോർത്തുപാർത്തിടുമ്പോൾ
ദേഹാന്തംവരുമൊരുപീഡയേറുവല്ലോ. 9

കഷ്ടംഞാൻവെറുമൊരു ദുഷ്ടവേടനോടെൻ
ദിഷ്ടത്തിൻവിഷമതമൂലമേറ്റുതോറ്റു
ശിഷ്ടന്മാരിനിയിവനെപ്പഴിക്കുമെന്നും
സ്പഷ്ടം, മൽപുകൾവിധുതീരെയസ്തമിച്ചു. 10

മന്നന്മാർക്കണിമണിരാട്ടരാജസൂയം
മുന്നംചെയ്‌വതിനുതുനിഞ്ഞകാലമീഞാൻ
സന്നതാപംചെറുതൊഴിഞ്ഞുതേരായകനായി-
സ്സന്നദ്ധൻ.സകലജഗൽജയത്തെ നേടി. 11

ദുർവാശിക്കടരിലെതിർത്തുഖാണ്ഡവത്തിൽ
ഗ്ഗീർവാണപ്രഭുവിനെയുംജയിച്ചൊരീഞാൻ
ശർവാരാധനയിൽവെറുംകിരാതനോട്ടം
നിർവാദം ഹഹഹ! മടങ്ങിമങ്ങിടാറായ്. 12

കാട്ടാളത്തലവനൊടത്രതോറ്റകാര്യം
കേട്ടാലെൻഗുരുജനവും ചിരിക്കുമല്ലോ
കൂട്ടാളിപ്രവരരുമൊത്തുധാർത്തരാഷ്ട്രൻ
പാട്ടാക്കുംസകുതുകമെൻ പരാജയത്തെ, 13

സേവിക്കുന്നവരില്ലമിത്രനിർദ്ദയത്വം
ഭാവിക്കുന്നനുഭവിതേമഹത്വമെന്നോ?
ദേവിക്കായ് പ്രകൃതിവപുസ്സുനൽകിയോനെ!
ജീവിക്കാനിനിയിവനില്ലമോഹമെന്നായ്. 14

വേടൻതൻകരമതിൽനിന്നതോൽവിപററീ-
ക്കേടയ്യോഹിമഗുകലത്തിലുംകലർത്തി?
ആടൽപെട്ടവനിയെഞാൻവെടിഞ്ഞുകൊള്ളാ
മേടത്താർശരഹരസേവയേവമല്ലോ. 15

അംഭോജായുധഹര ഭൂധരേന്ദ്രപുത്രീ
സംഭോഗോൽസുക! ഭവ! ഭക്തലോകബന്ധോ!
ശംഭോ! നിൻതിരുവടിയെബ്ഭജിപ്പവർക്കും
കിംഭോ! ദുസ്സഹപരിതാപമേല്പതേവം, 16

മെയ്യേററംകടുതരപീഡയേററനക്കാൻ
വയ്യേഞാനവശനഹോമഹേശ! പാഹി
നിയ്യേതുംകനിവുകലർന്നിടായ്കിലാടൽ
ത്തീയ്യേറിദ്രുതമിഹഞാൻദഹിച്ചുപോകും. 17

കാലാരേ! തിരുമുടിയിൽത്തിളങ്ങിടുംതൽ-
ബ്ബാലാബ്ജദ്യുതിയുമമർത്ത്യഭ്രസരിത്തും
ലോലാഭംസ്മരശലഭാന്തകാരിയാകും
ഫാലാക്ഷിക്കനലുമിവൻ നിനച്ചിടുന്നു. 18

സൃഷ്ടിസ്ഥിത്യുപഹൃതികേളിഭേദകൃത്താം
ദൃഷ്ടിക്കും, ഫണിമയകുണ്ഡലദ്വയിക്കും
കഷ്ടിച്ചുംസമതപെടാത്തവക്ത്രശോഭാ-
പുഷ്ടിക്കുംസതതമിതാനമിച്ചിടുന്നേൻ. 19

ലോകാർത്തിപ്രശമനമോർത്തുമുഗ്ദ്ധമാദ്ധ്വീ-
നീകാശസ്പൃഹയൊടുഘോരകാളകൂടം
ശോകാന്തംവരുവതിനായ് ഭുജിച്ചമർത്തി
ശ്രീകാന്തം ശുഭഗളമന്വഹംതൊഴുന്നേൻ. 20

ഭക്തന്മാർക്കതിഭവാബ്ധിസേതുവായും,
ശക്തദ്വിൾഖരുകുലധൂമകേതുവായും
മുക്തന്മാർക്കഭിമതസിദ്ധിഹേതുവായും,
വ്യക്തംനിൻഭുജയുഗളത്തെയോർത്തിടുന്നേൻ 21

ശൂലം, മാൻ, പരശുവാങ്കുശം, പിനാകം
ലോലശ്രീമണികൾ, കട്ടുത്തുടിപ്രകാണ്ഡം
സ്ഥൂലതപം കലരുമിതൊക്കെയൊന്നിട്ടംതൽ-
കോലത്തിൻവടിവുസദാസ്മരിച്ചിട്ടന്നേൻ. 22

ആനത്തോലുരഗവിഭൂഷണം, ശ്മശാന
സ്ഥാനത്തിൽപ്പെട്ടമൊരുഭസ്മ, മസ്ഥിമാല്യം
ജ്ഞാനത്താൽസപദമറിയേണ്ടൊരിസ്വരൂപം
ജ്ഞാനത്തൽപ്പെട്ടമൊരുഹൃത്തിലോർത്തിട്ടന്നേൻ. 23

വാമാംഗംമൃകുിലൊളി കുന്തലബ്ജനേത്രം
സോമാസ്യംപുരടഘനസ്തനാദിയേന്തി
കാമാംഗംപുനരപിവീണ്ടെടുപ്പതിന്നായ്-
കാമാരെ! വിലസുവതുംനിനച്ചിട്ടന്നേൻ. 24

ശർവ്വാണി! പ്രണതശുഭപ്രദാനശീലേ!
ശർവ്വാർത്തിപ്രശമനകർത്രി! ഗോത്രപുത്രി!
സർവ്വാത്മൻ! ഭയഹര! ശർവ്വഭക്തബന്ധോ
നിർവ്വാദംശരണമെനിക്കുനിങ്ങൾതന്നെ 25

ഈവണ്ണം കുരുകുലനാഥനാധിപീഡാ-
വൈവർണ്ണ്യംപെട്ടമകതാരിലോർത്തിട്ടമ്പോൾ
ശ്രീവർണ്ണ്യംസപദി സഹസ്രശീതരോചി-
സ്സാവർണ്ണ്യംപെട്ടമൊരുസമ്മഹസ്സുകണ്ടു. 26

താനേതോന്നുമഹിതമൂർത്തിനിസ്തുലംഹൃൽ-
സ്ഥാനേതൽകുരുപതിനിത്യമോർത്തിട്ടന്നു.
ശ്രീനേട്ടംഭസിതസിതാഢ്യമസ്വരൂപം
താനേതന്മിഴിയുഗളിക്കുലക്ഷ്യമായി. 27

ശർവാന്തഃസ്ഥിതമതസർവമംഗളാഢ്യം
സർവാപദ്ദുരിതവിദാരണപ്രവീണം
സ്വർവാസിപ്രണതമഖണ്ഡിതാനുകമ്പം
ശർവാഖ്യംകിമപിമഹസ്സുകണ്ടുപാർത്ഥൻ 23

ഹാ! രാത്രിഞ്ചരവധുസിംഹികാഖ്യപൂണ്ടൊ-
ളാരാജൻമൃദുലളിതാംഗമാന്നപോലെ
കൈരാതംകടുതരമാംസ്വരൂപമപ്പോൾ
സ്സാരാഭംശിവമയമായ് ചമഞ്ഞുചിത്രം. 29

മുക്താത്മപ്രഥിതമുനീന്ദ്രവൃന്ദവന്ദ്യൻ
ഭക്താഭീപ്സിതമഖിലംകൊടുത്തിടുന്നോൻ
വ്യക്താഭാനിജതനപൂണ്ടുകാളകണ്ഠൻ
ത്യക്താഘപ്രകൃതിനൃപൻെറമുന്നിൽനിന്നു. 30

ചേതസ്സുംമിഴിയിണയുംസുധാഭിഷേക-
വ്രാതത്താൽസസുഖമുടൻകുളുത്തുപേത്തും
ആതങ്കംപെട്ടമൊരുപാർത്ഥനാപ്രസന്ന-
ശ്രീതങ്കംസ്മരഹരമൂർത്തിപാർത്തുധന്യൻ 31

തമ്പാശാസ്ഥലിയിലകൃത്രിമാനുകമ്പാ-
സമ്പാതസ്മിതമഹിതാവലോകനാഢ്യം
വമ്പാളും ദ്യുതിനിധിഗോത്രജാമഹസ്സും
ജംഭാരിപ്രിയസുതനക്ഷിലക്ഷ്യമായി. 32

ശീതാംശുപ്രഥിതകലാകലാപനുംതൽ-
ശ്രീതാവുംഗിരിസുതയും ധൃതാനുകമ്പം
പ്രീതാന്തഃകരണമൊടർജ്ജുനൻെറമുമ്പിൽ
സ്ഥിതാഭംവിലസിജഗത്രയീപിതാക്കൾ. 33

ഉന്നിദ്രപ്രഭയൊട്ടുപാർവതീശിവാഖ്യം
മുന്നിൽതൽ പ്രഥിതമഹസ്സുകണ്ടനേരം
മണ്ണിൽതാൻനിപതിതനാം കപിദ്ധ്വജന്നു
കുന്നിക്കുംകുതുകമൊടാണ്ടഭക്തിഭാരം. 34

ഊക്കാളും പ്രഹൃതിവശാൽനിജാംഗമേതും
നീക്കാനും കഴിവുപെടാതെ സവ്യസാചി
സല്കാരംസുമതികിടന്നൊരാക്കിടപ്പിൽ
തല്കാലംതലചെറുതൊന്നു ചായ്‌വുചെയ്തു. 35

"കാത്താലും കരുണയൊടെന്നെനിങ്ങളെന്നും
കാന്താരാണടിയനുനിസ്തുലാവലംബം
പാത്താരാൽതിരുവുടൽകുമ്പിടുന്നതിന്നും
വാഴ്ത്താനും കഴിവിവനിപ്പൊഴില്ലയെന്നായ്",36

ദുഷ്ടൻഞാനറിവണുവുംപെടാതെയേവം
കഷ്ടംനിന്തിരുവടിയോടെതിർത്തുവല്ലോ
സ്പഷ്ടംമജ്ജനിവിഫലീഭവിച്ചുപാപോത്-
കൃഷ്ടംമൽതനുവിനിയുംവഹിച്ചിടാഞാൻ. 37

ഹാ ഹാ! ഞാൻകടുവചനങ്ങൾകൊണ്ടുപാരം
മാഹാത്മ്യംതടവിടുമീശനേദ്ദുഷിച്ചു
മോഹാന്ധൻ മുഹുരവിമോഹനീയമാമി-
ദേഹാഗ്ര്യംശരനിരകൊണ്ടുപിന്നെമൂടി. 38

ചാപല്യം മമചെറുതല്ലഹാ! കടുപ്പം
ചാപത്താലശശധരമൌലിതൻശിരസ്സിൽ
പാപൻഞാൻപരുഷമൊടാഹനിച്ചു ഹാഹാ-
താപത്തിന്നവനിനിയെന്തുവേറെവേണം. 39

കാമംഭോ! ഭവ! തവമുഷ്ടിഘട്ടനത്താൽ
ക്ഷേമംമേന്തിയതിനില്ലഖേദമേതും
ശ്രീമത്താം തിരുവുടലിൽപ്രഹാരമേറ്റി-
ട്ടീമന്ദൻപുരുപരിതാപമാർന്നിടുന്നു. 40

നിൻദാസ്യസ്ഥിതികരുതിബ്ഭജിച്ചൊരീഞാൻ
നിന്ദാഹംകൃതിയോടു പോരിനാഞ്ഞെതിർത്തു
മന്ദാത്മപ്രകൃതിനിനച്ചുനിർഭരം ഭീ-
മന്ദാക്ഷവ്യഥകളെനിക്കയന്നിടുന്നു. 41

ഏതെല്ലാംപിഴകളനല്പമല്പനാം ഞാൻ
ഹാ! തെല്ലുംമതികലരാതെചെയ്തുപോയി
ചേതസ്സിൽകനിവൊടുനീ പൊറുത്തശേഷം
ചൈതന്യാത്മക! പരിപാഹികൈതൊഴുന്നേൻ"

അസ്സാഘൻ ഹരിഹയസൂനുശങ്കരാംഘ്രീ
ന്യസ്താന്തഃകരണമൊടേവമോതിമന്ദം
സത്രാസാർച്ചിതനെയുടൻകിടപ്പിൽവീണ്ടും
സത്രാസംവ്യസനികരങ്ങൾകൊണ്ടു കുപ്പി. 43

കല്യാപദചിഹ്നകൃശാനുസൽകൃപാവാൽ
കല്യാണാചലവിശിഖാസനൻ ജവത്തിൽ
ഉല്ലാഘസ്ഥിതിവരുമാറുപാർത്ഥനേത്താ-
നുല്ലാസത്തോടുമൃദുപാണിയാൽതലോടി. 44

സർവാർത്തിപ്രശമനകാരിതൻകരത്താൽ
ദുർവാരവ്യഥപെട്ടമർജ്ജുനന്റെദേഹം
സ്വർവാസിപ്രണതനതീവഭക്തദാസൻ
നിർവാദംകൃപയൊടുചെന്നെടുത്തുതാങ്ങി 45

സന്താനക്ഷിതിരുഹപല്ലവത്തിനുംഹൃൽ
സന്താപംസ്വയമരുളുംസപത്നപാണിപത്മം
ഹന്താരാൽതനുവിലണച്ചുദണ്ഡഭൃത്തിൻ
ഹന്താവക്ഷിതിപനുചേർത്തുഗാത്രസൌഖ്യം. 46

പാരിക്കുംകഠിനതപസ്സിനാലുമേററം
പോരിൽതൽപ്രഹൃതിഭവപ്രപീഡയാലും
ഭൂരിവ്യാകുലതകലർന്നഫൽഗുനാംഗം
പൂരിക്കുംനവസുഖപുഷ്ടിയാർന്നിതപ്പോൾ 47

പാർത്ഥൻതൻശകലിതമാംവപുസ്സതൃക്കൺ
പാർത്തംഭോരുഹശരവൈരിതൊട്ടമൂലം
വാർത്തവംസപദിഭവിച്ചുദിവ്യസംഗം
പാർത്ഥിൽപുരുഷനുകാമധേനുവല്ലോ. 48

മുന്നേക്കാളതിബലവും ശരീരഭാസ്സും
വന്നേററീവിജയനുഹൃത്തിൽമൂർത്തുയർന്നു
നന്നേവംശിതിഗളകേളിഭേദമെന്നാ-
യന്നേരംപുളകിതരായ്നഭശ്ചരന്മാർ, 49

ഉത്ഭാസിച്ചിട്ടുമതിഭക്തിയോട്ടുകൂപ്പി-
സ്സൽഭാവത്തൊട്ടുമരുവുംകിരീടിയോടായ്
ശുഭ്രാഭംമൃദുഹസിതംപൊഴിച്ചിവണ്ണം
വിഭ്രാജിച്ചിട്ടുമഖിലേശനോതിമന്ദം. 50

പോരുംഭോവിജയ! ഭവാനുവൈമനസ്യം
പോരുംതവൽകഠിനതപസ്സമൊന്നുപോലെ
പാരുദ്യൽഭയയുതമായിയെന്മനസ്സിൽ-
ചേരുംമുത്തനുപമമായ്വളർത്തിട്ടുന്നു, 51

മല്ലാദംദൃഢതരമായ്നിനച്ചുഹൃത്തിൽ
കെല്ലാളും പെരിയതപസ്സുചെയ്കമൂലം
മുപ്പാരുംസപദിഭവാൻെറപാട്ടിലാക്കാ-
നിപ്പാഥോരുഹശരജിത്തൊരുക്കമല്ലോ. 52

സൽഭാവസ്ഥിതിതികയുംതപസ്സിനേക്കാ-
ളുത്ഭാസിച്ചിട്ടുമൊരുനിൻഭുജാബലത്താൽ
മുൽഭാരം മമ വളരുന്നു വേണ്ടതെല്ലാം
സൽഭാഗ്യപ്രകരനിധേ! നിനക്കുനൽകാം. 53

തെല്ലും ഭീഹൃദികരുതേണ്ടതീക്ഷ്ണമാംനിൻ-
തല്ലുംഹൃൽസ്ഥലിയിലെനിക്കുതുഷ്ടികൂട്ടി
കില്ലുണ്ടോജഗതിയിലേതിനുംമഹത്വം
ചൊല്ലുന്നുള്ളോർകളിലഭിതൃപ്തിചേക്കുമല്ലോ, 54

ഭക്തന്മാക്കണിമണിയാംഭവാൻെറവീര്യം
വ്യക്തംഞാൻബലജലധേ! ധരിക്കമൂലം
ശക്തൻനീ മമ മഹിതാസ്ത്രമേററുവാങ്ങാൻ
യുക്തംതദ്വിതരണമെന്നുബോദ്ധ്യമായി, 55

ഉൾക്കാമ്പിൽമപിവിശങ്കവേണ്ടവിദ്വൻ
സൽക്കാരംതവസമരപ്രവൃത്തിയുംമേ
തൽക്കാമംനിയതമറിഞ്ഞു ഞാൻമദസ്ത്രം
തല്ക്കാലംതവതരുവൻഗ്രഹിച്ചുകൊൾക. 56

ഭവ്യംഭോ! വിജയ! ഭവാനുമാമകാസ്ത്രം
ദിവ്യംഞാൻസകുതുകമിന്നിതാതരുന്നേൻ
നവ്യംതൽപ്രകളകളങ്കമാംകുരിക്കും
സുവ്യക്തം സ്വയമയി നീയേററുവാങ്ങു. 57

ദാക്ഷായണ്യമലമുഖത്തെയൊന്നുനോക്കി
സ്സ്വാക്ഷാലസ്സരതടിനികലാപനീശൻ
ശ്രീക്ഷാന്തിപ്രഭൃതിഗുണാഢ്യനാത്മസേവാ
ദീക്ഷാവാൻവിജയനുദിവ്യമസ്ത്രമേകി, 58

ആനന്ദപ്രഭവസുശീതനേത്രതോയ-
സ്നാനത്താൽ പുളകിതഗാത്രനക്കിരീടി
ദീനത്വം ചെറുതണയാതെയമ്മഹാസ്ത്രം
ഹാനന്ദിച്ചടിയിണതാണുകുപ്പിവാങ്ങി. 59

സത്താമപ്പശുപതിതൻമഹാസ്ത്രമുർവീ
ഭൃത്താരാൽ സവിനയമേറുവാങ്ങിടുമ്പോൾ
സത്രാശിപ്രകരവിമുക്തസൂനവുംതൽ-
സത്രാസദവിഷദസുരാശ്രുവും പൊഴിഞ്ഞു. 60

കുന്നിക്കുംബഹുമതിഭക്തിഭാരമോടും
വന്ദിച്ചിട്ടവനതമൌലിഫൽഗുനങ്കൽ
ഉന്നിദ്രപ്രിയമോടുതൊട്ടനുഗ്രഹിച്ചി-
ട്ടന്നിത്ഥംമദനവിമാഥിവീണ്ടുമോതി. 61

"കല്യാണംഭുജബലമാന്നഭക്തമൌലി
ക്കല്ലാകും വിജയ! നിനക്കുദിക്കുമെന്നും
കല്യാത്മൻ! കനിവെഴുമെൻ പ്രസാദമങ്ങേ-
യ്ക്കെല്ലാനാളിലുമരുളും സുഖാപ്തിമേന്മേൽ. 62

ശുദ്ധിച്ചിട്ടരിയതപസുകൊണ്ടുചേത
ശ്ശുദ്ധിശ്രേഷ്ഠതകലരും മഹർഷികൾക്കും
സിദ്ധിക്കാത്തൊരുമമദർശനം ശുഭശ്രീ-
വൃദ്ധിക്കായ് വിജയ! ഭവാനുതീന്നിതിപ്പോൾ. 63

നാകത്തിൽ സ്ഥിതികലരും സുധാശനക്കും
ശോകത്തിന്നറുതിവരുത്തിയാത്തമോദം
ലോകത്തേസുരഭിലകീർത്ത് ശുഭ്രമാക്കി
ശ്രീകൻനീ കുശലമശങ്കമാന്നുകൊള്ളും 64

നേരററിട്ടപറായമോത്തധാത്തരാഷ്ട്ര-
ന്മാരദ്യപ്രഭൃതിമൃതിക്കധീനരായി
സാരസ്യത്തൊട്ടജയലക്ഷ്മിദക്ഷനാംനിൻ
സ്സാരശ്രീഗളമിനി വിട്ടൊഴിക്കയില്ല, 65

ശ്രീവത്സംമറുവുപെട്ടന്നകംസജിത്താം
ദേവൻസപ്രിയതയൊടാദരിപ്പവൻനീ
ഹേവത്സ!സ്വയമയിസാധയേഷ്ടമെല്ലാ
മേവംസ്വർദ്ധുനിയണിവോനനുഗ്രഹിച്ചു. 66

നാകസ്ത്രീകചവിഗളൽപ്രസൂനമാലാ
ശ്രീകമ്രംചാരണമെഴുന്നഗൗരിതാനും
ആകണ്ഠംപ്രമദസരസ്സിൽമുങ്ങിനിൽക്കും
പംകദ്വിൾതനയനുമംഗളങ്ങളേകി. 67

ദിക്കാകെസ്സപദിതെളിഞ്ഞുസൂനജാലം
സൽക്കാരത്തൊട്ടസുരസുന്ദരീകദംബം
തൽക്കാലംസുബഹുപൊഴിച്ചുനൃത്തമാടീ-
ഢക്കാദിദ്ധ്വനികൾ മുഴക്കിവാനവന്മാർ. 68

കൂടീട്ടുംരസമൊടുനാഗഗായന്മാർ
പാടീനൽ പരിമളമന്ദവായുവീശി
ആടീശാത്രവകുലവാമനേത്രമാർ-
സ്സോടീമട്ടഖിലവുമിന്ദ്രനും പുകഴ്ത്തി. 69

പ്രേമത്തോടഖിലജഗൽപിതാക്കളാകും
കാമദ്വിൽകുലഗിരികന്യമാരിവണ്ണം
സാമർത്ഥ്യംതടവിയപാർത്ഥനീപ്സിതാർത്ഥം
സാമത്തിൽസ്വയമരുളിത്തദാമറഞ്ഞാർ. 70

മുന്നേതീവ്രതപസ്സിനാൽ ത്രിഭുവനം
പാടേ തപിപ്പിച്ചുതാൻ
തന്നേപോരിട്ടവാൻകിരാതവടിവായ്
ശർവൻ തുടങ്ങീടവേ
ചെന്നേററിട്ടതിഘോരസംഗരവശാൽ
വീണ്ടും ജഗൽസാദ്ധ്വസം
നന്നചേതാരുകീർത്തനീയ ചരിതൻ
പാർത്ഥൻ പ്രഥാശാലിതാൻ, 71
ശ്രീമൽ പാശുപതാസ്ത്രവും വിവിധമായ്
വീണ്ടും വരവ്രാതവും
കാമദ്വേഷിയിൽനിന്നുവാങ്ങി വിജയൻ
സംപൂർണ്ണകാമൻമുദാ
സാമഞ്ജസ്യമൊട്ടും സ്വകീർത്തിവിലസ-
ന്മല്ലീമതല്ലിക്കെഴും
തുമഞ്ജുപ്രസവങ്ങളാൽ സ്വയമിളാ-
ചക്രം വളക്കീടിനാൻ.

എട്ടാം സർഗ്ഗം സമാപ്തം.

---

ശുഭം.

KOTTAYAM PUBLIC LIBRARY
KOTTAYAM
Cl. No. NAA Acc. No. 39460
This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

MA7
KER-V

39460

കേരളവർമ്മത്തമ്പുരാൻ

വിജയോദയം കാവ്യം